## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ لَا یَغۡفِرُ اَنۡ یُّشۡرَکَ بِہٖ وَ یَغۡفِرُ مَا دُوۡنَ ذٰلِکَ لِمَنۡ یَّشَآءُ ؕ وَ مَنۡ یُّشۡرِکۡ بِاللّٰہِ فَقَدۡ ضَلَّ ضَلٰلًۢا بَعِیۡدًا

'തീർച്ചയായും തന്നോടു കൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ള മറ്റു(പാപങ്ങൾ) അവനുദ്ദേശിക്കുന്നവർക്ക് താൻ പൊറുത്തുകൊടുക്കുന്നതാണ്. ആര് അല്ലാഹുവിന് കൂട്ടുകാരെ നിശ്ചയിക്കുന്നുവോ തീർച്ചയായും അവൻ വഴികേടിൽ ബഹുദൂരം അകന്നു പോയിരിക്കുന്നു.'
(4:117)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 47

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 നവംബർ 19/ഹി.ശം. 1399 നുബുവ്വത്ത് 19/1442 റബീഉൽ ആഖർ 3


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## പരലോകത്തിൽ ദൃഷ്ടി വെക്കുന്നവനാണ് എപ്പോഴും അനുഗൃഹീതൻ. പരലോകത്തിൽ ദൃഷ്ടിവച്ച് ദുഷ്പ്രവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുക എന്നത് മനുഷ്യനു നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ യഥാർഥ സന്തോഷവും സത്യമായ സൗഖ്യവും അതിലാണുള്ളത്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മുസ്വീബത്തിനുമേൽ മുസ്വീബത്ത് വന്നിട്ടും നാലുഭാഗത്തുനിന്നും അപകടത്തിനുമേൽ അപകടം കാണിച്ചുതന്നിട്ടും ജനങ്ങൾ ഇതുവരെ കഠിനഹൃദയത്തോടും അഹങ്കാരത്തോടും ഗർവോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ആളുകൾ ദുഃശ്ശാഠ്യം ഉപേക്ഷിക്കാതെ ഈ അശ്രദ്ധയിൽ ജീവിക്കുക എപ്പോൾവരെയായിരിക്കും. ഈ ബലാകളും മുസ്വീബത്തുകളും അകലാൻ തങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്ന് പിന്മാറുന്നില്ല. അല്ലാഹുമായി രഞ്ജിപ്പിലുമാകുന്നില്ല. ഞാൻ കണ്ടിരിക്കുന്നു, നല്ലവണ്ണം ചിന്തിച്ചിരിക്കുന്നു. വരൾച്ചയുടെ ദിനങ്ങളിൽ ആളുകൾ അല്പംപോലും അതിന്റെ മുസ്വീബത്ത് ഗ്രഹിച്ചില്ല. മദ്യശാലകൾ അതേപോലെ ആളുകളാൽ സജീവമായിരുന്നു. ദുഷ്കർമങ്ങളുടേയും തെമ്മാടിത്തരങ്ങളുടേയും അങ്ങാടി ഒരുപോലെ ചൂടായി പ്രവർത്തിച്ചിരുന്നു. പ്രാരംഭകാലത്ത് ആരുടെയെങ്കിലും പേരിൽ മക്കയിൽനിന്നും മദീനിൽനിന്നും ഫത്വ വന്നാൽ ആളുകൾ ഭയപ്പെടാറുണ്ടായിരുന്നു. മസ്ജിദുകൾ സജീവമാകാറുണ്ടായിരുന്നു. എന്നാൽ, ഇക്കാലത്ത് ധൂർത്തും നിർഭയത്വവും അതിരുലംഘിച്ചുകഴിഞ്ഞിരിക്കുന്നു. അല്ലാഹുതന്നെ കൃപചൊരിയുമാറാകട്ടെ. അദാബ് വരുന്നതിനുമുമ്പേ അതിനെ കുറിച്ച് ചിന്തിക്കുന്നവനാണ് ബുദ്ധിമാൻ. മുസ്വീബത്ത് വരുന്നതിനു മുമ്പേ, അതിൽനിന്ന് രക്ഷപ്പെടണമെന്ന് വിചാരിക്കുന്നവനാണ് ദീർഘവീക്ഷണമുള്ളവൻ.

പരലോകത്തിൽ ദൃഷ്ടിവച്ച് ദുഷ്പ്രവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുക എന്നത് മനുഷ്യനു നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ യഥാർഥ സന്തോഷവും സത്യമായ സൗഖ്യവും അതിലാണുള്ളത്. ദുഷിച്ചതും പാപവുമായ ഒരു പ്രവൃത്തിയും ഒരു നിമിഷംപോലും സത്യമായ സന്തോഷം നല്കുകയില്ല. ദുഷ്പ്രവൃത്തിക്കാരനും തെമ്മാടിയും തന്റെ രഹസ്യം പുറത്തറിയുമോ എന്ന ഭയത്തിലായിരിക്കും ഉണ്ടാകുക. അപ്പോൾപ്പിന്നെ അവൻ തന്റെ ദുഷ്കർമങ്ങളിൽ സൗഖ്യത്തിനുള്ള ദ്രവ്യങ്ങൾ എവിടെ കാണാനാണ്. പരലോകത്തിൽ ദൃഷ്ടി വെക്കുന്നവനാണ് എപ്പോഴും അനുഗൃഹീതൻ.

ഇടയ്ക്കിടെ ശിക്ഷ വന്നുകൊണ്ടിരുന്ന ആ ജനതയുടെ അവസ്ഥനോക്കുക. മനസ്സ് കഠിനമാണെങ്കിൽത്തന്നെയും അതിനെ അപലപിച്ച് ഭയഭക്തിയുടേയും വിനയത്തിന്റേയും പാഠം നല്കേണ്ടത് എല്ലാ വർക്കും നിർബന്ധമാണ്. കരച്ചിൽ വന്നില്ലെങ്കിൽ കരയുന്നതുപോലെയാക്കുക. പിന്നീട് സ്വയമേവ കരച്ചിൽ വരുന്നതായിരിക്കും. **(മൽഫൂദാത്ത് വാള്യം 1, പേജ് 221 – 222 ഖാദിയാൻ 2018)**

## نَبِی(സ)

## നബി(സ)യുടെ സാരോപദേശം:

### നബി(സ)തിരുമേനിയുടെ ഒരു മനോഹരമായ ദുആ

**നീ നൽകുന്നത് തടയാനാരുമില്ല. നീ തടഞ്ഞത് നല്കാനും ആരുമില്ല.**

ഹദ്റത്ത് മുഗീറ(റ)ബിൻ ശഅ്ബയുടെ എഴുത്തുകാരൻ വർറാദ് നിവേദനം. ഹദ്റത്ത് മുഗീറ ബിൻ ശഅ്ബ എന്നെക്കൊണ്ട് മുആവിയാക്ക് ഒരു കത്തെഴുതിച്ചു. നബി(സ)തിരുമേനി ഫർള് നമസ്കാരത്തിനുശേഷം പറയാറുണ്ടായിരുന്നു:

لَا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلٰى كُلِّ شَيْءٍ قَدِيْرٌ اللّٰهُمَّ لَا مَانِعَ لِمَا اَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ

അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. ആധിപത്യം അവനാണ്. സ്തുതിയും അവനു തന്നെ. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്. അല്ലാഹുവേ! നീ നൽകുന്നത് തടയാനാരുമില്ല. നീ തടഞ്ഞത് നല്കാനും ആരുമില്ല. നിന്നെ വെടിഞ്ഞിരിക്കുന്ന ഒരു ധനികന് അവന്റെ ധനശേഷി പ്രയോജനപ്പെടുകയില്ലതന്നെ. (സ്വഹീഹ് ബുഖാരി കിതാബുൽ അദാൻ വാള്യം 2, ഖാദിയാൻ 2006)

## اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ഒരു അതുല്യമായ പ്രാർഥനയാണ് ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങളെ സംബന്ധിച്ചും ആത്മീയവും ഭൗതികവുമായ എല്ലാ ജോലികളെ സംബന്ധിച്ചും ഈ ദുആയിൽനിന്ന് പ്രയോജനമെടുക്കാവുന്നതാണ്.

اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ എന്ന ആയത്തിന്റെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഈ ആയത്തിൽ ഉന്നതവും തുകവുറ്റതുമായ പ്രാർഥന പഠിപ്പിക്കപ്പെട്ടിരിക്കുന്നു. അത് അതുല്യമാണ്. ഈ പ്രാർഥന ഏതെങ്കിലും പ്രത്യേക കാര്യത്തിനുവേണ്ടിയല്ല. പ്രത്യുത ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങൾക്കുമുള്ളതാണ്. ആത്മീയവും ഭൗതികവുമായ എല്ലാ ജോലികൾക്കും ഈ ദുആയിൽനിന്ന് പ്രയോജനമെടുക്കാവുന്നതാണ്. സകല ജോലിയും അത് ആത്മീയപരമായാലും ഭൗതികപരമായാലും പൂർത്തിയാക്കുന്നതിനുവേണ്ടി എന്തെങ്കിലും മാർഗം ഉണ്ടായിരിക്കുന്നതാണ്. ആ മാർഗം സ്വീകരിക്കുകയാണെങ്കിൽ വിജയമുണ്ടാകും. സ്വീകരിക്കുന്നില്ലെങ്കിൽ ഉണ്ടാകുകയില്ല. പിന്നെ ചിലപ്പോൾ ഒരു ജോലി ചെയ്യുന്നതിന് പല മാർഗങ്ങളും ഉള്ളതായി കാണാം. അവയിൽ ചിലത് അനുവദനീയമല്ലാത്തതായിരിക്കും, ചിലത് അനുവദനീയവുമായിരിക്കും. അനുവദനീയമായ മാർഗങ്ങളിൽ ചിലത് ലക്ഷ്യസ്ഥാനത്തേക്ക് വേഗം എത്തിക്കുന്നതായിരിക്കും. ചിലത് താമസിച്ചും. ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം എന്ന ദുആയിൽ അല്ലാഹു ആ മാർഗത്തിലേക്ക് നയിക്കാൻ നമ്മൾ അവനോടു പ്രാർഥിച്ചുകൊണ്ടിരിക്കുക എന്നാണ് നമ്മെ പഠിപ്പിക്കുന്നത്. അത് നല്ലതും നന്മനിറഞ്ഞതുമായിരിക്കണം. അതിലൂടെ നടന്ന് നമ്മുടെ ലക്ഷ്യത്തിൽ വിജയിക്കാൻ കഴിയണം. എത്രയുംവേഗം വിജയിക്കണം. എത്രമാത്രം ലളിതവും എത്രമാത്രം സമ്പൂർണവുമായ പ്രാർഥനയാണിത്. പിന്നെ അത് എത്രമാത്രം വിശാലവുമാണ്. ജീവിതത്തിലെ ഏതു ലക്ഷ്യത്തെ സംബന്ധിച്ചാണ് ഈ ദുആയെ നമുക്ക് ഉപയോഗിക്കാൻ കഴിയാത്തത്. ഈ ദുആ ചെയ്തുശീലമുള്ള ആളുകൾ ഏതെല്ലാം രീതിയിൽ ഈ അധ്വാനത്തെ ഏറ്റവും കൂടുതൽ ഫലംകൊയ്യുന്നതാക്കാൻ ശ്രമിക്കുകയില്ല. കാരണം ഏതൊരു വ്യക്തിയെയാണോ, 'ഏത് ഉദ്ദേശ്യവും കരസ്ഥമാക്കുന്നതിന് നല്ല മാർഗവും ചീത്തമാർഗവുമുണ്ടെന്നും അതുകൊണ്ട് എപ്പോഴും നല്ല മാർഗം അന്വേഷിക്കുകയും സ്വീകരിക്കുകയും വേണമെന്നും പിന്നീട് നല്ലമാർഗങ്ങളിൽ ഏറ്റവും അടുത്തമാർഗം സ്വീകരിക്കണമെന്നും' ഓർമപ്പെടുത്തുകയും ചെയ്യുന്നത് അവന്റെ ബുദ്ധി എങ്ങനെ ആ അധ്വാനത്തെ തന്റെ ഉള്ളിൽ ആകർഷിച്ചെടുക്കാതെയിരിക്കും. ആരാണോ അല്ലാഹുവിനോടു ദുആ ചെയ്യുന്നത് അവന് സ്വിറാത്തെ മുസ്തഖീം കാണിച്ചുകൊടുക്കുമെന്നത് പ്രകടമാണ്. അവന്റെ ബുദ്ധിതന്നെയും ഈ ചിന്തയിൽ ആകർഷിക്കപ്പെടും. തന്റെ

**(ശേഷം പേജ് 9ൽ)**


**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*


### ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 ഒക്ടോബർ 16 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

ബൈബിളിലെ നിഷ്ഠൂര പാഠങ്ങൾ


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

**എല്ലാ മതങ്ങളേയും ആത്മീയമായ കാര്യങ്ങളിൽ മത്സരത്തിനു ക്ഷണിച്ചുകൊണ്ടുള്ള ഗംഭീരമായ വെല്ലുവിളി. പരാജയപ്പെട്ടാൽ പത്തായിരം രൂപ വിലമതിക്കുന്ന ഭൂസ്വത്തുക്കൾ വിറ്റ് നല്കുന്നതായിരിക്കും.**

എല്ലാ മതക്കാരും തങ്ങളുടെ മതമാണ് സത്യമെന്നും മറ്റുള്ള മതങ്ങളെല്ലാം അസത്യമാണെന്നും വിശ്വസിക്കുന്നുവെന്ന കാര്യത്തിലാണ് ഈ വെല്ലുവിളി ശ്രദ്ധക്ഷണിക്കുന്നത്. പ്രത്യേകിച്ചും ഇസ്‌ലാമിനെ കൂടാതെയുള്ള സകല മതങ്ങളുടേയും വീക്ഷണം വളരെയധികം വിദ്വേഷപരമാണ്. അവർ നമ്മുടെ പ്രിയപ്പെട്ട യജമാനർ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ) യുടെമേൽ മനസ്സിനെ വ്രണപ്പെടുത്തുന്ന ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. മുസ്‌ലിമീങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനുള്ള ഒരു മാർഗവും വിട്ടുകളയുന്നില്ല. അവിടന്ന് കൊണ്ടുവന്നിട്ടുള്ള പരിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആനിനെ വ്യാജമെന്ന് കരുതുന്നു. ഈ അവസ്ഥകളിൽ മതങ്ങളുടെ സത്യസന്ധത ഉരച്ചുനോക്കുന്നതിന് ഗവേഷണത്തിന്റെ വഴി ഏറെ ദുഷ്കരമാണ്. ഇതിനുവേണ്ടി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)അങ്ങേയറ്റം സുഗമമായ ഒരു വഴി പഠിപ്പിച്ചുതന്നിരിക്കുന്നു. അത് അക്ഷരജ്ഞാനമില്ലാത്തവനുപോലും മനസ്സിലാക്കാൻ കഴിയുന്നതാണ്. അതിതാണ്: ദൈവത്തിനോടു എന്തെങ്കിലും പ്രവചനമോ അതായത് അദൃശ്യമായ വിവരമോ അല്ലെങ്കിൽ എന്തെങ്കിലും അടയാളമോ അതുമല്ലെങ്കിൽ ദുആയുടെ സ്വീകാര്യതയോ ചോദിക്കുക. അങ്ങനെ എല്ലാ മതങ്ങളും ഇക്കാര്യത്തിൽ പരസ്പരം മത്സരിക്കുക. അടയാളം കാണിക്കാൻ ആർക്കാണോ പ്രാപ്തിയുള്ളത് അദ്ദേഹം സത്യവാനണെന്നും അയാളുടെ മതം ദൈവത്തിൽനിന്നുള്ള മതമാണെന്നും മനസ്സിലാക്കുക. മത്സരത്തിന്റെ ഈ മാർഗം മുഴുലോകത്തും കാണുന്നതായിരിക്കും. അറിവു കുറഞ്ഞവർക്കും സാധാരണക്കാർക്കും ഇത്തരം മത്സരംകൊണ്ട് ശരിയായ ഫലങ്ങളിൽ സുഗമമായി എത്താൻ കഴിയുന്നതായിരിക്കും. അങ്ങനെ അതിനുവേണ്ടി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിലവിലുള്ള എല്ലാ മതങ്ങളുടേയും അനുയായികളെ സംബോധനചെയ്ത് ഔദ്യോഗികമായി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അത് ഞങ്ങൾ അതുപോലെ എടുത്ത് താഴെ ചേർക്കുകയാണ്.

### വിജ്ഞാപനം

*അമ്മാ ബഅ്ദ്.* ഇക്കാലഘട്ടത്തിൽ മതങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിഷയം ഖുർആനികാധ്യാപനത്തിന് വിരുദ്ധമാണ്. അവരിൽ ഭൂരിഭാഗവും നമ്മുടെ സയ്യിദും മൗലായുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ ഖാത്തമുൽ അമ്പിയാ സ്വല്ലല്ലാഹു അലയ്ഹിവസല്ലമയെ സത്യവാദിയാണെന്ന് മനസ്സിലാക്കുന്നില്ല. വിശുദ്ധ ഖുർആനിനെ അല്ലാഹുവിന്റെ വചനമാണെന്ന് സമ്മതിക്കുന്നില്ല. നമ്മുടെ നബി(സ)തിരുമേനി, കറ്റുകെട്ടുകാരനാണെന്നും നമ്മുടെ പരിശുദ്ധ ഏടുകളായ വിശുദ്ധ ഖുർആൻ കറ്റുകെട്ടിന്റെ സമാഹാരമാണെന്ന് പറയുകയും ചെയ്യുന്നു. ഒരു ദീർഘകാലം നമ്മുടേയും അവരുടേയും ഇടയിൽ വാദപ്രതിവാദങ്ങളും നടന്നു. പരിപൂർണമായ നിലയിൽ അവരുടെ എല്ലാ ആക്ഷേപങ്ങൾക്കും മറുപടിയും നല്കപ്പെട്ടു. അവരുടെ മതങ്ങളിലും ഗ്രന്ഥങ്ങളിലുമുള്ള ആക്ഷേപങ്ങൾക്ക് നിബന്ധനകൾവച്ച് അവരെ കേൾപ്പിച്ചു. അവരുടെ മതപരമായ ചടങ്ങുകളും വിശ്വാസാദർശങ്ങളും നിയമങ്ങളും സത്യത്തിൽനിന്ന് എത്രമാത്രം അകന്നതാണെന്നും പാപത്തിന്റെ സ്ഥലമാണെന്നും അതു അപമാനമാണെന്നും പ്രകടമാക്കപ്പെട്ടു. എന്നാൽ, എന്നിട്ടും ഈ സാഹിബുമാർ സത്യം സ്വീകരിച്ചില്ല. അവരുടെ അഹങ്കാരവും ദുർഭാഷണവും ഉപേക്ഷിച്ചില്ല. അവസാനം നാം പൂർണമായ ന്യായപൂർത്തി വരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഈ വിജ്ഞാപനം ഇന്നെഴുതുകയും അതിലെ ഹ്രസ്വമായ വിഷയം താഴെ രേഖപ്പെടുത്തുകയുമാണ്.

സാഹിബുമാരേ! രക്ഷാ ശിക്ഷായുടെ നാളിനെ വിശ്വസിക്കുന്ന മതവിശ്വാസികളേ! ആത്മാവിന്റെ ശാശ്വതമായ അവസ്ഥയിലും പരലോകത്തിലും ദൃഢമായി വിശ്വസിക്കുന്നവരേ! നൂറുക്കണക്കിന് കാര്യങ്ങളിൽ ഭിന്നതയുണ്ടെങ്കിലും ദൈവമുണ്ടെന്ന കാര്യത്തിൽ എല്ലാവരും ഐകകണ്ഠ്യേന യോജിക്കുന്നവരാണ്. ആ ദൈവം തന്നെയാണ് തങ്ങൾക്ക് ഈ മതം നല്കിയതെന്നും തങ്ങളുടെ കൈയിലുള്ളത് അവന്റെ സന്മാർഗം തന്നെയാണെന്നും ഓരോ കൂട്ടരും വാദിക്കുന്നു. അവന്റെ ഇഷ്ടത്തിനനുസരിച്ച് നടക്കുന്നവരും അവനു പ്രിയപ്പെട്ടവരും തങ്ങൾ മാത്രമാണെന്നും മറ്റുള്ളവരെല്ലാം ദൈവകോപത്തിന് പാത്രമാണെന്നും വഴികേടിന്റെ കുഴിയിൽ വീണു കിടക്കുന്നവരാണെന്നും അവരോടു ദൈവത്തിന് കഠിനമായ വെറുപ്പാണെന്നു പറയുകയും ചെയ്യുന്നു. ഓരോരുത്തരും തന്റെ വഴി അല്ലാഹുവിന്റെ തൃപ്തിയനുസരിച്ചുള്ളതാണെന്ന് വാദിക്കുകയും മോക്ഷത്തിന്റേയും സ്വീകാര്യതയുടേയും അച്ചുതണ്ട് ഇതേ വഴിയിലാണെന്നും ഈ വഴിയിൽ പദമൂന്നുന്നതുകൊണ്ട് ദൈവം തൃപ്തിപ്പെടുമെന്നും അത്തരക്കാരെയാണ് അവൻ സ്നേഹിക്കുന്നതെന്നും അത്തരക്കാരുടെതന്നെ ഭൂരിഭാഗവും വിജയകരമായ കാര്യങ്ങൾ കേൾക്കുന്നവനാണെന്നും ദുആകൾ സ്വീകരിക്കുന്നതെന്നും പറയുന്നു. ഈ സ്ഥിതിയിൽ കാര്യം ഇപ്പോൾ വളരെ എളുപ്പമായിരിക്കുകയാണ്. നാം മുകളിൽ പറഞ്ഞ വാക്യത്തിൽ(ദൈവമുണ്ട്)എല്ലാവരോടും യോജിക്കുന്നു. നമ്മുടെ പക്കലും ഇതുതന്നെയാണ് സത്യം. അതായത് സത്യവാദിയും അസത്യവാദിയും തമ്മിൽ ഈ ലോകത്ത് ദൈവത്തിൽനിന്ന് പ്രകടമാകുന്ന എന്തെങ്കിലും പ്രത്യേകത സ്ഥാപിതമാകേണ്ടതാണ്. ആരുംതന്നെ തന്റെ ജനതയെ മറ്റുള്ള ജനതകളെക്കാൾ ദൈവഭയത്തിലും സൂക്ഷ്മതയിലും തൗഹീദിലും ന്യായത്തിലും നീതിയിലും മറ്റു സൽക്കർമങ്ങളിലും കുറവുള്ളവരായി മനസ്സിലാക്കുകയില്ല. അപ്പോൾപ്പിന്നെ ഈ രീതിയിൽ തീരുമാനമുണ്ടാകുക പ്രയാസമാണ്. ഇസ്‌ലാമിൽ ആ സ്തുത്യർഹമായ കാര്യങ്ങൾ ഒരു അതുല്യമായ ശ്രേഷ്ഠതയോടുകൂടി കാണാമെന്നും അവമുഖേന ഇസ്‌ലാമിന്റെ പ്രത്യേകതകൾ സ്ഥാപിതമാകുന്നുണ്ടെന്നും നമ്മൾ പറയുന്നുവെങ്കിലും ഉദാഹരണത്തിന് ഇസ്‌ലാമിന്റെ ഏകദൈവത്വവിശ്വാസം, ഇസ്‌ലാമിന്റെ ദൈവഭയം, ഇസ്‌ലാമിന്റെ നിയമങ്ങൾ, അവകാശങ്ങളുടെ സംരക്ഷണം, കർമപരവും വിശ്വാസപരവുമായുള്ള കോടിക്കണക്കിനാളുകളുണ്ടെങ്കിലും അതിനെതിരിൽ നമ്മുടെ എതിരാളികളുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥ എങ്ങനെയുള്ളതാണെന്നാൽ അത് ഒരു നീതിമാനിൽനിന്നും മറഞ്ഞതല്ല. പക്ഷേ, ഏകപക്ഷീയത ഇടയിൽ വരുമ്പോൾ ഇസ്‌ലാമിന്റെ ഈ സവിശേഷതകളെ ആരാണ് സ്വീകരിക്കുക? ആരാണ് കേൾക്കുക? അതുകൊണ്ട് ഇത് പരിഹാരത്തിനുള്ള വഴിയാണ്. ഗ്രാമങ്ങളിൽ കലപ്പകൊണ്ട് ഉഴുതുന്നവനും വനങ്ങളിൽ വസിക്കുന്നവനുപോലും അത് മനസ്സിലാക്കാൻ കഴിയുമെന്നതാണ് അങ്ങേയറ്റം വ്യക്തമായ കാര്യം. സർവ മതങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കലഹങ്ങളുടേയും വഴക്കുകളുടേയും നേരത്ത്, അതിപ്പോൾ അതിന്റെ പാരമ്യതയിലെത്തിയിരിക്കുകയാണ് ഏതൊരുവന്റെ വഴിയിലാണോ ഈ പോരാട്ടം നടന്നുകൊണ്ടിരിക്കുന്നത് അവനോടു തന്നെ സഹായം തേടുക എന്നതാണത്. ദൈവം നിലവിലുണ്ടാകുകയും അവന്റെ പേരിലാണ് ഈ എല്ലാ പൊല്ലാപ്പുകളും നടക്കുന്നതെന്ന് വരികയും ചെയ്യുമ്പോൾ അവനിൽനിന്നുതന്നെ തീരുമാനം ആഗ്രഹിക്കുന്നതാണ് ഏറ്റവും ഉത്തമമായിട്ടുള്ളതും.

ദൈവകൃപയാൽ എന്റെ അവസ്ഥ എന്താണെന്നാൽ ഞാൻ ഇസ്‌ലാമിനെ മാത്രമാണ് സത്യമതമെന്ന് മനസ്സിലാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. മറ്റുമതങ്ങൾ നിരർഥവും അടിമുടി അസത്യത്തിന്റെ പാവയാണെന്ന് കരുതുകയും ചെയ്യുന്നു. ഇസ്‌ലാമിനെ വിശ്വസിക്കുന്നതുകൊണ്ട് പ്രകാശത്തിന്റെ അരുവി എന്റെ ഉള്ളിൽ ഒഴുകിക്കൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. നബി(സ)തിരുമേനിയോടുള്ള സ്നേഹമൊന്നുകൊണ്ടുമാത്രം ദൈവഭാഷണത്തിന്റേയും ദുആ സ്വീകാര്യതയുടേയും ആ ഉന്നതമായ നില എനിക്കു കരസ്ഥമായിരിക്കുന്നു. അത് സത്യവാനായ നബി(സ)തിരുമേനിയുടെ ശിഷ്യർക്കല്ലാതെ മറ്റാർക്കും കരസ്ഥവാകുകയില്ല. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ തുടങ്ങിയവർ തങ്ങളുടെ നിരർഥമായ ദൈവങ്ങളോടു പ്രാർഥിച്ച് പ്രാർഥിച്ച് മരിച്ചാലും അവർക്ക് ആ നില കരസ്ഥമാകുകയില്ല. മറ്റുള്ളവർ ഭാവനാപരമായ നിലയിൽ വിശ്വസിക്കുന്ന ആ ദൈവവചനങ്ങൾ ഞാൻ നേരിട്ട് കേട്ടുകൊണ്ടിരിക്കുന്നു. ലോകത്ത് ഇസ്‌ലാം മാത്രമാണ് സത്യമതമെന്ന് എനിക്ക് കാണിക്കപ്പെടുകയും എന്നോടു പറയപ്പെടുകയും എനിക്ക് മനസ്സിലാക്കപ്പെടുകയും 'നിനക്കു ഈ കിട്ടിയിരിക്കുന്നതെല്ലാം നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടു മാത്രമാണെന്ന് എന്നിൽ പ്രകടമാക്കപ്പെടുകയും' ചെയ്തിരിക്കുന്നു. എന്തൊന്നാണോ ലഭിച്ചത് അതിനു തുല്യമായത് മറ്റു മതങ്ങളിൽ ഇല്ലതാനും. കാരണം അവയെല്ലാം അസത്യത്തിലാണുള്ളത്. ഇപ്പോൾ ഏതെങ്കിലും സത്യാന്വേഷിയുണ്ടെങ്കിൽ അയാൾ, ഹിന്ദുവോ ക്രിസ്ത്യാനിയോ ആര്യസമാജക്കാരനോ യഹൂദിയോ ബ്രഹ്മസമാജക്കാരനോ അല്ലെങ്കിൽ മറ്റാരെങ്കിലുമാവട്ടെ അവർക്ക് പറ്റിയ സുവർണാവസരമാണ് കൈവന്നിരിക്കുന്നത്. അവർ എനിക്കെതിരിൽ എഴുന്നേറ്റു നില്ക്കട്ടെ. ആരാണോ രംഗത്ത് വരുന്നത് അയാൾ അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നതിലും ദുആ സ്വീകാര്യതയിലും എന്നെ നേരിടുകയാണെങ്കിൽ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ പറയുന്നു, പതിനായിരം

**(ശേഷം പേജ് 9ൽ)**

## ഖുത്ബ ജുമുഅ

വിശുദ്ധ ഖുർആനിന്റെ ഇന്നുള്ള എല്ലാ പ്രതികളും ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിന്റെ ഖിറാഅത്ത് അനുസരിച്ചുള്ളതാണ്.

എന്റെ സഹോദരാ! മുസ്‌ലിമീങ്ങൾക്ക് എന്റെ സലാം എത്തിക്കണം. നബി(സ)തിരുമേനി നമ്മുടെ പക്കൽ അല്ലാഹുവിന്റെ ഏറ്റവും നല്ല അമാനത്ത് അഥവാ സൂക്ഷിപ്പ് മുതലാണെന്നും ഞങ്ങൾ ഞങ്ങളുടെ ജീവൻ കൊണ്ടാണ് ആ അമാനത്തിനെ സംരക്ഷിച്ചു പോന്നതെന്നും ഇനി ഈ അമാനത്ത് നിങ്ങളെ ഏല്പ്പിച്ച് ഞങ്ങൾ പോവുകയാണെന്നും നിങ്ങൾ ഇതിന്റെ സംരക്ഷണത്തിൽ ദൗർബല്യം കാണിക്കരുതെന്നും എന്റെ ജനതയോടും എന്റെ ബന്ധുക്കളോടും പറയുക.

നബി(സ)തിരുമേനിയുടെ ബദ്‌രി സ്വാഹാബി ബദ്ർ യുദ്ധത്തിൽ ശഹാദത്ത് പദവി കൈവരിച്ച ഹദ്റത്ത് മുഅവ്വിദ് ഹാരിഥിന്റേയും(റ) വഹ്‌യ് എഴുത്തുകാരനും മുസ്‌ലിമീങ്ങളുടെ നേതാവും ഉമ്മത്തിലെ ഏറ്റവും വലിയ ഖുർആൻ പാരായണ വിദഗ്ദനുമായ ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്(റ)ന്റെ സംഭവബഹുലമായ ജീവിതത്തിന്റെ ചർച്ച.

**ഖുത്ബ ജുമുഅ 2020 ഒക്ടോബർ 16/1399 അഖാഅ് 16**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഞാൻ ആദ്യം അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് മുഅവ്വിദ് ബിൻ ഹാരിഥ്(റ)എന്നാകുന്നു. ഹദ്റത്ത് മുഅവ്വിദ് അൻസ്വാരിലെ ഖസ്റജ് ഗോത്രക്കാരനായിരുന്നു. ഹദ്റത്ത് മുഅവ്വിദിന്റെ പിതാവിന്റെ പേര് ഹാരിഥ് ബിൻ റഫാഅ എന്നും മാതാവിന്റെ പേര് അഫ്റാഅ് ബിൻത് ഉബയ്ദ് എന്നുമാണ്. ഹദ്റത്ത് മുആദും ഹദ്റത്ത് ഔഫും അദ്ദേഹത്തിന്റെ സഹോദരന്മാരാകുന്നു. ഇവർ മൂന്നുപേരും തങ്ങളുടെ പിതാവിനോടൊപ്പം പേര് ചേർത്ത് പറയുന്നതിനോടൊപ്പംതന്നെ തങ്ങളുടെ മാതാവിനോടുചേർത്തും പറയാറുണ്ട്. അതായത് ഇവർ മൂവരും ബനൂ അഫ്റാഅ് എന്നും പറയപ്പെട്ടിരുന്നു.(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സഹാബ ഭാഗം 5, പേജ് 231, 'മുഅവ്വിദ് ബിൻ അഫ്റാഅ്', ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് ലബ്നാൻ 2003)(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 374, 'മുഅവ്വിദ് ബിൻ അഫ്റാഅ്', ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് ലബ്നാൻ 1990)

ഇബ്നു ഇസ്ഹാഖ് ഇങ്ങനെ വിവരിക്കുകയുണ്ടായി: 'ഹദ്റത്ത് മുഅവ്വിദ്(റ)70 അൻസ്വാരിനോടൊപ്പം രണ്ടാം അഖബാ ബയ്അത്തിൽ ചേർന്നിരുന്നു. ഹദ്റത്ത് മുഅവ്വിദ്(റ) ഉമ്മുയസീദ് ബിൻത് ഖയ്സിനെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ അദ്ദേഹത്തിന് രണ്ട് പെൺകുട്ടികൾ ജനിച്ചു. അവരുടെ പേര് ഹദ്റത്ത് റുബയ്യിഅ് ബിൻത് മുഅവ്വിദ് എന്നും ഹദ്റത്ത് ഉമയ്റ ബിൻത് മുഅവ്വിദ് എന്നുമായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 374, 'മുഅവ്വിദ് ബിൻ അഫ്റാഅ്', ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് ലബ്നാൻ 1990)

ഹദ്റത്ത് മുഅവ്വിദ്(റ)ന് തന്റെ രണ്ടു സഹോദരന്മാരായ ഹദ്റത്ത് മുആദ്, ഹദ്റത്ത് ഔഫ് എന്നിവരോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ സൗഭാഗ്യം ലഭിച്ചിരുന്നു. (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സഹാബ ഭാഗം 5, പേജ് 231, 'മുഅവ്വിദ് ബിൻ അഫ്റാഅ്', ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് ലബ്നാൻ 2003)

ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് മുഅവ്വിദും ഹദ്റത്ത് മുആദും ഹദ്റത്ത് ഔഫും ബനൂ അഫ്റാഅ് (അഫ്റാഅ്യുടെ മക്കൾ) എന്നാണ് പറയപ്പെട്ടിരുന്നത്. അവരുടേയും അവർ സ്വതന്ത്രനാക്കിയ അടിമ അബൂ ഹംറായുടേയും കൈയിൽ ഒരു ഒട്ടകമായിരുന്നു ഉണ്ടായിരുന്നത്. അതിൽ അവർ ഊഴമനുസരിച്ച് യാത്ര ചെയ്തിരുന്നു.(കിതാബുൽമഗാസി ലിൽവാഖ്ദി, ഭാഗം 1, പേജ് 38, ബദ്റുൽഖിതാൽ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ 2013)

ഈ നിവേദനം നേരത്തെ ഹദ്റത്ത് മുആദിന്റെ അനുസ്മരണത്തിൽവന്നിട്ടുള്ളതാണ്. പക്ഷേ, ഇവിടെ ഹദ്റത്ത് മുഅവ്വിദിന്റെ വിഷയത്തിലും വരേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് വിവരിക്കാം.

ഹദ്റത്ത് അനസിൽ(റ)നിന്ന് നിവേദനം. നബി(സ)തിരുമേനി ബദ്ർ യുദ്ധ ദിവസം പറഞ്ഞു: 'അബൂജഹ്ലിന് എന്തു സംഭവിച്ചുവെന്ന് ആരാണ് നോക്കുക? ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) പോയി നോക്കി. അഫ്റാഅ്യുടെ രണ്ട് മക്കളുടെ വാളുകൊണ്ടുള്ള ആക്രമണത്താൽ അയാൾ മരണാസന്നനായി. ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) ചോദിച്ചു: 'താങ്കൾ അബൂജഹ്ലാണോ?' ഹദ്റത്ത് അനസ് വിവരിക്കുന്നു:'ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദ്(റ), അബൂജഹ്ലിന്റെ താടി പിടിച്ചു. അബൂജഹ്ൽ ചോദിച്ചു: 'നിങ്ങൾ ഇതിനെക്കാൾ വലിയ ആരെയെങ്കിലും വധിച്ചിട്ടുണ്ടോ?' അല്ലെങ്കിൽ ചോദിച്ചു: 'നിങ്ങളുടെ സമുദായം ഇതിനെക്കാൾ വലിയ ആളെ വധിച്ചിട്ടുണ്ടോ?'(സ്വഹീഹുൽ ബുഖാരി, കിതാബുൽമാഗാസി ബാബു ഖതല അബീ ജഹ്ൽ ഹദീഥ് നമ്പർ 3962)

ബുഖാരിയുടെ നിവേദനമാണ്. ഇതിന്റെ വ്യാഖ്യാനത്തിൽ ഹദറത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് വിവരിക്കുന്നു: 'ചില നിവേദനങ്ങൾ പ്രകാരം അഫ്റായിന്റെ മക്കൾ മുഅവ്വിദും മുആദുമാണ് അബൂജഹ്ലിനെ മരണത്തിന്റെ സമീപത്തേക്കെത്തിച്ചത്. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, അയാളുടെ ശരീരവും തലയും വേർപെടുത്തുകയായിരുന്നു. ഹദ്റത്ത് മുആദ് ബിൻ അംറിനും ഹദ്റത്ത് മുആദ് ബിൻ അഫ്റാഇനും ശേഷം ഹദ്റത്ത് മുഅവ്വിദ് ബിൻ അഫ്റാഉം അയാളെ ആക്രമിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന് ഇമാം ഇബ്നു ഹജ്ർ പറയുന്നു.(സ്വഹീഹ് ബുഖാരി, കിതാബു ഫർളുൽഖുമുസ് ഹദീഥ് നമ്പർ 3141, വാള്യം 5, പേജ് 491, അടിക്കുറിപ്പ്, ഉർദു തർജമ, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) അബൂജഹ്ലിന്റെ വധത്തെ വിവരിച്ചുകൊണ്ട് പറയുന്നു: 'മനുഷ്യൻ വലിയ സന്തോഷങ്ങൾ നടത്താറുണ്ട്. തനിക്കുവേണ്ടി ഒരു സംഗതി നന്മയാണെന്ന് കരുതുന്നു. എന്നാൽ, അതുതന്നെ അയാൾക്ക് നാശത്തിനും ആപത്തിനും ഹേതുവാകാറുണ്ട്. ബദ്റിന്റെ അവസരത്തിൽ മക്കയിലെ നിഷേധികൾ വരുമ്പോൾ കരുതിയത്, തങ്ങൾ മുസ്‌ലിമീങ്ങളെ കൊന്നൊടുക്കുമെന്നാണ്. അബൂജഹ്ൽ പറഞ്ഞു: 'നമ്മൾ പെരുന്നാൾ(ഈദ്) ആഘോഷിക്കുന്നതായിരിക്കും. നല്ല പോലെ മദ്യംകുടിക്കുന്നതായിരിക്കും. മുസ്‌ലിമീങ്ങളെ കൊന്നൊടുക്കിയേ പിൻമാറുകയുള്ളൂ എന്ന് അവർ വിചാരിച്ചിരുന്നു. എന്നാൽ, അതേ അബൂജഹ്ലിനെ മദീനയിലെ രണ്ടു കുട്ടികൾ വകവരുത്തുകയുണ്ടായി.

മക്കയിലെ നിഷേധികൾ, മദീനക്കാരെ വളരെ മോശമായിട്ടാണ് കരുതിയിരുന്നത്. അയാൾക്ക് അതായത് അബൂജഹ്ലിന് എത്രമാത്രം ദൈന്യത കാണേണ്ടിവന്നുവെന്നാൽ അയാളുടെ അന്ത്യാഭിലാഷം പോലും പൂർത്തിയായില്ല. അറബികളുടെ സമ്പ്രദായം, യുദ്ധത്തിൽ നേതാവ് മരണപ്പെടുകയാണെങ്കിൽ അയാളുടെ കഴുത്ത് നീട്ടി മുറിക്കണമെന്നതായിരുന്നു. അയാൾ ഒരു നേതാവാണെന്ന് അറിയാൻ വേണ്ടിയായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) അയാളെ കാണുമ്പോൾ അയാൾ ഹതാശനായി ചലനമറ്റ് പരിക്കേറ്റു കിടക്കുകയായിരുന്നു. അയാളോട് ചോദിച്ചു: 'എന്താണ് താങ്കളുടെ അവസ്ഥ?' അയാൾ പറഞ്ഞു: 'മദീനയിലെ രണ്ട് അറായിക്കുട്ടികൾ അതായത് പച്ചക്കറി കൃഷി ചെയ്യുന്ന ആളുകളുടെ മക്കളാണ് എന്നെ വധിക്കുന്നത് എന്നതിൽ മാത്രമാണ് എനിക്ക് സങ്കടം. മക്കക്കാർ ഇതു വളരെ താഴ്ന്ന ജോലി ആയിട്ടാണ് മനസ്സിലാക്കിയിരുന്നത്. മദീനക്കാർക്ക് യുദ്ധത്തേയും പോരാട്ടത്തേയും സംബന്ധിച്ച് എന്തറിയാം എന്നതായിരുന്നു അവരുടെ ചിന്താഗതി. എന്നാൽ, അവരുടെ ഈ അഹങ്കാരത്തിനാണ് പ്രഹരമേറ്റത്. അത് പൊളിച്ചതും മദീനക്കാരായിരുന്നു. അവർ എന്നല്ല മറിച്ച് അവരുടെ കുട്ടികൾ, അതും ഒരു നൈപുണ്യവുമല്ലാത്ത നിസ്സാരരായ കുട്ടികൾ. അബ്ദുല്ലാഹ് ചോദിച്ചു, 'താങ്കൾക്കെന്തെങ്കിലും ആഗ്രഹമുണ്ടോ?' അയാൾ പറഞ്ഞു: 'എന്റെ കഴുത്ത് നീട്ടിമുറിക്കണമെന്നതാണ് എന്റെ ആഗ്രഹം.' അദ്ദേഹം പറഞ്ഞു: 'എന്നാൽ, നിന്റെ ഈ ആഗ്രഹവും പൂർത്തിയാക്കാൻ ഞാൻ അനുവദിക്കുകയില്ല. അയാളുടെ കഴുത്ത് താടിയോട് ചേർത്തുവെച്ച് ശക്തമായി മുറിച്ചുമാറ്റി. ഈദ് ആഘോഷിക്കാൻ ആഗ്രഹിച്ചവർക്ക് അതുതന്നെ ശോകമായിമാറി. അയാൾ കുടിച്ച മദ്യം ദഹിക്കാൻ പോലും അവസരമുണ്ടായില്ല. (ഖുത്ബാത്തെ മഹ്മൂദ് (ഖുത്ബാത്ത് ഈദുൽ ഫിത്ർ)വാള്യം 1, പേജ് 11)

ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് മുഅവ്വിദ്(റ) പോരാടികൊണ്ടുതന്നെ ശഹീദായി. അദ്ദേഹത്തെ അബൂമുസാഫിഅ് ആയിരുന്നു ശഹീദാക്കിയത്. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 4, പേജ് 1442, മുഅവ്വിദ് ബിൻ അഫ്റാഅ്(റ) ദാറുൽജീൽ ബെയ്റുത്ത് 1992)

അടുത്തതായി അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് എന്നാകുന്നു. ഹദ്റത്ത് ഉബയ്യ് അൻസ്വാറിലെ ഖസ്റജ് ഗോത്രത്തിലെ ശാഖയായ ബനുമുആവിയ്യായിൽ നിന്നുള്ള വ്യക്തിയാണ്. ഹദ്റത്ത് ഉബയ്യിന്റെ പിതാവിന്റെ പേര് കഅ്ബ് ബിൻ ഖയ്സ് എന്നും മാതാവിന്റെ പേര് സ്വുഹയ്ല ബിൻത് അസ്വദ് എന്നുമായിരുന്നു. ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിന് രണ്ട് സംജ്ഞാനാമമുണ്ടായിരുന്നു. ഒന്ന് അബൂമുൻദിർ. ഈ പേരിട്ടത് നബി(സ)തിരുമേനിയായിരുന്നു. രണ്ടാമത്തേത് അബൂ ത്വുഫയ്ൽ എന്നാണ്. അത് അദ്ദേഹത്തിന്റെ മകൻ ത്വുഫയ്ലിന്റെ പേരിനോട് ചേർത്ത് ഹദ്റത്ത് ഉമറാണിട്ടത്.(ഉസുദുൽ ഗാബ, വാള്യം 1, പേജ് 168, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2016)

ഹദ്റത്ത് ഉബയ്യ്, ഒത്ത ഉയരം, അതായത് ഇടത്തരം ഉയരമുള്ളയാളായിരുന്നു. ഹദ്റത്ത് ഉബയ്യിന്റെ താടിയുടേയും തലയുടേയും നിറം വെളുത്തതായിരുന്നു. ഖിളാബ്(ഡൈ) മുഖേന തന്റെ വാർധക്യം മാറ്റിയിരുന്നില്ല.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 378, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2017) അതായത് മുടിയും താടിയും ഡൈ ചെയ്തിരുന്നില്ല. ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്, 70 പേരോടൊപ്പം രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് ഉബയ്യിന് മുസ്ലിമാകുന്നതിനു മുമ്പേ എഴുതാനും വായിക്കാനും അറിയാമായിരുന്നു. ഇതിനുശേഷം ഹദ്റത്ത് ഉബയ്യ്(റ)ന് നബി(സ) തിരുമേനിക്കിറങ്ങുന്ന വഹ്യ് എഴുതുവാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. നബി(സ) തിരുമേനി, ഹദ്റത്ത് ഉബയ്യിനും ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാക്കുമിടയിൽ സാഹോദര്യബന്ധം ഉണ്ടാക്കിയിരുന്നു. മറ്റൊരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി, ഉബയ്യിനും ഹദ്റത്ത് സയീദ് ബിൻ സയ്ദിനുമിടയിലാണ് സാഹോദര്യബന്ധമുണ്ടാക്കിയത്.(ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 378, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2017)

ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിനെ സംബന്ധിച്ച് പറയുന്നു: 'അല്ലാഹു നബി(സ)തിരുമേനിയോട് ഉബയ്യിന് വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ കൽപ്പിച്ചു. നബി(സ)തിരുമേനി പറയുന്നു:'എന്റെ ഉമ്മത്തിലെ ഏറ്റവും വലിയ ഖാരി(ഓത്തുകാരൻ) ഉബയ്യാകുന്നു.' (ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 378, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2017)

അതുകൊണ്ട് അദ്ദേഹത്തിന് വിശുദ്ധ ഖുർആനിന്റെ വളരെയധികം ജ്ഞാനമുണ്ടായിരുന്നുവെന്നും വന്നിട്ടുണ്ട്. ഇതുസംബന്ധമായി ഇനിയും നിവേദനങ്ങൾ വരുന്നുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ഉമ്മത്തിലെ ഖാരിമാർ (ഓത്തുകാർ) എന്നുപറഞ്ഞ നാല് പേരിൽ ഉബയ്യുബ്നു കഅ്ബ് ഉൾപ്പെടുന്നു. അതായത് ആർക്കെങ്കിലും വിശുദ്ധഖുർആൻ പഠിക്കണമെങ്കിൽ ഇവരിൽനിന്ന് പഠിക്കേണ്ടതാണ്.(തഫ്സീറെ കബീർ വാള്യം 10, പേജ് 84)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:' നബി (സ)തിരുമേനി വിശുദ്ധ ഖുർആൻ എഴുതിപ്പിച്ചിരുന്നവരിൽ താഴെചേർക്കുന്ന 15 ആളുകളുടെ പേരുകൾ ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നുണ്ട്; സയ്ദ് ബിൻ ഥാബിത്ത്(റ), ഉബയ്യുബ്നു കഅ്ബ്(റ), അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹ്(റ), സുബയ്ർ ബിൻ അൽഅവ്വാം(റ), ഖാലിദ് ബിൻ സയീദ് ബിൻ അൽആസ്(റ), അബ്ബാൻ ബിൻ സയീദുൽആസ്(റ), ഹൻള്വല ബിൻ അർറബീഅ് അൽ അസദി(റ), മുഅയ്ഖീബ് ബിൻ അബീ ഫാത്വിമ(റ), അബ്ദുല്ലാഹ് ബിൻ റവാഹ(റ), ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ). നബി(സ)തിരുമേനിക്ക് വഹ്യ് ഇറങ്ങുമ്പോൾ ഇവരിൽ ആരെയെങ്കിലും വിളിച്ചു അവിടെന്ന് വഹ്യ് എഴുതിച്ചിരുന്നു.'(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 425–426)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: 'നബി(സ)തിരുമേനി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിനുവേണ്ടി അധ്യാപകരുടെ ഒരു സംഘത്തെ നിയോഗിച്ചിരുന്നു. അവർ വിശുദ്ധ ഖുർആൻ മുഴുവനും മനഃപാഠമാക്കി, മറ്റുള്ളവർക്ക് പഠിപ്പിച്ചിരുന്നു. ഇവർ നാലുപേർ അഗ്രഗണ്യരായ ഗുരുനാഥന്മാരായിരുന്നു. നബി(സ)തിരുമേനിയിൽനിന്ന് വിശുദ്ധ ഖുർആൻ പഠിച്ച് മറ്റുള്ളവർക്ക് പഠിപ്പിക്കുകയായിരുന്നു അവരുടെ ജോലി. പിന്നെ ഇവർക്ക് കീഴിൽ നിരവധി സ്വഹാബാക്കളുണ്ടായിരുന്നു. അവർ ജനങ്ങൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചുകൊടുത്തിരുന്നു. വിദഗ്ദ്ധരായ അധ്യാപകരുടെ പേരുകൾ ഇപ്രകാരമാണ്. 'അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ), സാലിം മൗലാ അബീഹുദയ്ഫ(റ), മുആദ് ബിൻ ജബൽ(റ), ഉബയ്യുബ്നു കഅ്ബ്(റ). ഇതിൽ ആദ്യത്തെ രണ്ടു പേർ മുഹാജിറുകളും മറ്റു രണ്ടുപേർ അൻസ്വാറുമായിരുന്നു. ജോലിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അബ്ദുല്ല ബിൻ മസ്ഊദ്(റ) ഒരു കൂലിപ്പണിക്കാരനായിരുന്നു; സാലിം സ്വതന്ത്രനാക്കപ്പെട്ട അടിമയും. മുആദ് ബിൻ ജബലും ഉബയ്യുബ്നു കഅ്ബും മദീനയിലെ നേതാക്കന്മാരുമായിരുന്നു. എല്ലാ വിഭാഗങ്ങളിൽനിന്നും നബി(സ)തിരുമേനി സകല വിഭാഗക്കാരേയും പരിഗണിച്ചുകൊണ്ടാണ് ഖാരി(ഓതുന്നവരെ) നിയമനം നടത്തിയിരുന്നത്. ഹദീഥിൽ വന്നിരിക്കുന്നു നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞിരുന്നു, 'ഖുദുൽഖുർആന മിൻ അർബഅത്തിൻ (മിൻ)അബ്ദില്ലാഹ് ബിൻ മസ്ഊദിൻ വ സാലിമിൻ വ മുആദ് ബിൻ ജബലിൻ വ ഉബയ്യുബ്നു കഅ്ബിൻ. വിശുദ്ധ ഖുർആൻ പഠിക്കാൻ ആഗ്രഹിക്കുന്നവർ അബ്ദുല്ലാഹ് ബിൻ മസ്ഊദ്, സാലിം, മുആദ് ബിൻ ജബൽ, ഉബയ്യുബ്നു കഅ്ബ് എന്നീ നാലു പേരിൽനിന്ന് ഖുർആൻ പഠിക്കേണ്ടതാണ്. ഇവർ നാലുപേരും വിശുദ്ധ ഖുർആൻ മുഴുവനും നബി(സ)തിരുമേനിക്ക് ഓതിക്കേൾപ്പിച്ചുകൊണ്ട് തിരുത്തുകയും ചെയ്തവരാണ്. എന്നാൽ, ഇവർക്ക് പുറമേയും നബി(സ)തിരുമേനിയുടെ നിരവധി സ്വഹാബാക്കൾ നബി(സ)തിരുമേനിയിൽനിന്ന് നേരിട്ടുതന്നെ ഖുർആൻ എന്തെങ്കിലുമൊക്കെ പഠിച്ചിട്ടുണ്ടായിരുന്നു.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 427–428)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യിനോട് പറഞ്ഞു: ഞാൻ നിങ്ങൾക്ക് *ലം യകുനില്ലദീന കഫറൂ മിൻ അഹ്ലിൽ കിത്താബി* എന്ന സൂറത്ത് പഠിപ്പിച്ചുതരണമെന്ന് അല്ലാഹു എന്നോടു കല്പിച്ചിരിക്കുന്നു. ഹദ്റത്ത് ഉബയ്യ് ചോദിച്ചു: 'എന്റെ പേര് പറഞ്ഞിട്ടുണ്ടോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ.' ഹദ്റത്ത് ഉബയ്യ് ഇതുകേട്ടപ്പോൾ കരയാൻ തുടങ്ങി.' ഇത് ബുഖാരിയിലുള്ള നിവേദനമാണ്. (സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ബാബു മനാഖിബു ഉബയ്യ് ബിൻ കഅ്ബ്, ഹദീഥ് നമ്പർ 3809)

മറ്റൊരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ) തിരുമേനി ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിനോട് പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് ഖുർആൻ പഠിപ്പിക്കണമെന്ന് അല്ലാഹു എന്നോട് കല്പിച്ചിരിക്കുന്നു.' ഹദ്റത്ത് ഉബയ്യ് ചോദിച്ചു: 'അല്ലാഹു എന്റെ പേര് പറഞ്ഞിരുന്നുവോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ.' ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഇരുലോകങ്ങളും പരിപാലിക്കുന്നവന്റെ പക്കൽ എന്നെ സംബന്ധിച്ച് പരാമർശമുണ്ടായെന്നോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ.' അതുകേട്ടപ്പോൾ ഹദ്റത്ത് ഉബയ്യിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി.'(സ്വഹീഹ് ബുഖാരി കിതാബുത്തഫ്സീർ, ബാബു സൂറത്ത് ലംയകുൻ, ഹദീഥ് നമ്പർ 4961)

ഈ സംഭവത്തിന്റെ വിശദീകരണം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെ വാക്കുകളിൽ ഇങ്ങനെ വിവരിക്കുന്നു. അവിടന്ന് പറയുന്നു: 'അബു ഹയ്യഹ് ബദ്രിയിൽനിന്ന് നിവേദനം. ലംയകുൻ എന്നു തുടങ്ങുന്ന സൂറത്ത് മുഴുവൻ അവതരിച്ചു. അതായത് ഇത് ഒന്നിച്ചാണ് അവതരിച്ചത്. നബി(സ)തിരുമേനിയോട് ജിബ്രീൽ(അ) പറഞ്ഞു: സൂറത്ത് ഉബയ്യുബ്നു കഅ്ബിനെ പഠിപ്പിക്കാൻ അല്ലാഹു കൽപിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിനോട് പറഞ്ഞു: 'ജിബ്രീൽ എന്നോട് കൽപ്പിച്ചു. അഥവാ അല്ലാഹുവിന്റെ ഈ കല്പന എനിക്കെത്തിച്ചുതന്നിരിക്കുന്നു; ഞാൻ താങ്കൾക്ക് ഈ സൂറത്ത് പഠിപ്പിച്ചുതരണമെന്ന്!' ഉബയ്യുബ്നു കഅ്ബ് ചോദിച്ചു: 'യാ റസൂലുല്ലാഹ്! അല്ലാഹുവിന്റെ സവിധത്തിൽ എന്നെ സംബന്ധിച്ച് പരാമർശമുണ്ടായോ?' നബി(സ)തിരുമേനി പറഞ്ഞു: 'ഉണ്ടായി.' അപ്പോൾ ഉബയ്യുബ്നു കഅ്ബ് സന്തോഷാധികൃത്താൽ കരയാൻ തുടങ്ങി.'(തഫ്സീറെ കബീർ വാള്യം 8, പേജ് 342)

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ഉമർ ഫാറൂഖ്(റ) ഈ വചനങ്ങളുടെ സ്മരണ പല പ്രാവശ്യം ആവർത്തിക്കുകയുണ്ടായി. ഒരിക്കൽ മസ്ജിദ് നബ്വിയുടെ മിമ്പറിൽനിന്ന് പറഞ്ഞു: 'ഏറ്റവും വലിയ ഖാരി ഉബയ്യ് ആകുന്നു. സിറിയയിലേക്കുള്ള പ്രസിദ്ധമായ യാത്രയിൽ, ഡമസ്കസിലെ ഒരു പ്രദേശമായ ജാബിയ്യയിൽ ഖുത്ബ നൽകുമ്പോൾ പറഞ്ഞു: മൻ അറാദൽഖുർആന ഫൽ യഅ്തി ഉബയ്യാ. അതായത് ഖുർആനോട് താല്പര്യമുള്ളവർ ഉബയ്യിന്റെ അടുക്കൽ വരട്ടെ.(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 149, മക്തബ ദാറുൽഇശാഅത്ത് ഉർദു ബാസാർ കറാച്ചി)(മുഅ്ജമുൽബുൽദാൻ വാള്യം 2, പേജ് 91)

ഹദ്റത്ത് അനസ് നിവേദനം. അദ്ദേഹം പറയുന്നു: നാലുപേർ നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ വിശുദ്ധ ഖുർആൻ മുഴുവനും മനപ്പാഠമാക്കിയിരുന്നു. ഇവർ എല്ലാവരും അൻസ്വാർ ആയിരുന്നു. അതായത് ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്(റ), ഹദ്റത്ത് മുആദ് ബിൻ ജബൽ(റ), ഹദ്റത്ത് അബൂ സയ്ദ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ). ഇത് ബുഖാരിയിലെ ഒരു ഹദീഥാകുന്നു.(സ്വഹീഹ് ബുഖാരി, കി താബു മനാഖിബുൽഅൻസ്വാർ, ബാബു മനാഖിബു സയ്ദ് ബിൻ ഥാബിത്, ഹദീഥ് നമ്പർ 3810, മുത്തർറജിം വാള്യം 7, പേജ് 290, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്വ)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'അൻസ്വാറിലെ അറിയപ്പെടുന്ന വിശുദ്ധ ഖുർആൻ ഹാഫിളുമാരുടെ പേരുകൾ ഇപ്രകാരമാകുന്നു: ഉബാദ ബിൻ സ്വാമിത്ത്(റ), മുആദ്(റ), മുജമ്മിഅ് ബിൻ ഹാരിഥ(റ), ഫളാല ബിൻ ഉബയ്ദ്(റ), മസ്ലമ ബിൻ മുഖല്ലദ്(റ), അബൂദർദ്ദാഅ്(റ), അബൂ സയ്ദ്(റ), സഅദ് ബിൻ ഥാബിത്ത്(റ), ഉബയ്യുബ്നു കഅ്ബ്(റ), സഅ്ദ് ബിൻ ഉബാദ(റ), ഉമ്മു വർഖ(റ).(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 430)

നബി(സ)തിരുമേനി പറയുന്നു: 'എന്റെ ഉമ്മത്തിനുമേൽ ഏറ്റവുംവലിയ ഔദാര്യവാൻ ഹദ്റത്ത് അബൂബക്റാകുന്നു. അല്ലാഹുവിന്റെ ദീനിന്റെ കാര്യത്തിൽ ഏറ്റവുമധികം കാഠിന്യം ചെയ്തിരുന്നത് ഹദ്റത്ത് ഉമർ(റ) ആകുന്നു. അതായത് അടിസ്ഥാന നിയമങ്ങളിൽ വലിയ ശക്തി

ചെലുത്തിയിരുന്നു. ലജ്ജയിൽ ഏറ്റവുമധികം പൂർണതയുള്ള ആൾ ഹദ്റത്ത് ഉഥ്മാൻ ആകുന്നു. ഹലാലിനേയും ഹറാമിനേയും സംബന്ധിച്ച് ഏറ്റവും അധികംവിവരമുള്ള ആൾ ഹദ്റത്ത് മുആദ് ബിൻ ജബൽ ആകുന്നു. നിർബന്ധ കടമകളെ കുറിച്ച് ഏറ്റവുമധികം അറിയുന്ന ആൾ സയ്ദ് ബിൻ ഥാബിത്ത് ആകുന്നു. ഖുർആൻ (ഖുർആൻ പാരായണ മുറ)സംബന്ധിച്ച് ഏറ്റവുമധികം അറിയുന്ന ആൾ ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് ആകുന്നു. എല്ലാ ഉമ്മത്തിലും ഒരു അമീൻ (വിശ്വസ്തൻ) ഉണ്ട്. എന്റെ ഉമ്മത്തിലെ അമീൻ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ആകുന്നു.'(ജാമിഉത്തിർമുദി, അബ് വാബുൽമനാഖിബ്, ബാബു മനാഖിബു മുആദ് ബിൻ ജബൽ(റ)ഹദീഥ് 3790) ഹദ്റത്ത് അബൂ ഉബയ്ദയെകുറിച്ച് നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്.

നബി(സ)തിരുമേനി മദീനയിലെത്തിച്ചേർന്നപ്പോൾ ആ മഹാത്മാവിനുണ്ടാകുന്ന വഹ്യ്, അതായത് ഏറ്റവുമാദ്യം വഹ്യ് എഴുതുന്ന ആൾ ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് ആയിരുന്നു. അക്കാലഘട്ടത്തിൽ ഗ്രന്ഥത്തിന്റെ അല്ലെങ്കിൽ ഖുർആനിന്റെ ഏറ്റവും അവസാനത്തിൽ എഴുതുന്ന ആളുടെ(writer) പേര് എഴുതുന്ന സമ്പ്രദായം ഇല്ലായിരുന്നു. ഏറ്റവുമാദ്യം ഹദ്റത്ത് ഉബയ്യ് ആണ് ഇതിനു തുടക്കം കുറിച്ചത്. തുടർന്ന് മറ്റു മഹാത്മാക്കളും അത് അനുകരിക്കുകയുണ്ടായി. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 170, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2016) (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 158, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

എഴുതുന്ന ആളുടെ പേര് എഴുതിയിരുന്നില്ല. അതായത് എഴുതുന്ന ആളുടെ പേര് എഴുതാറുണ്ടായിരുന്നില്ല, എഴുതുക(പകർത്തി എഴുതുക) മാത്രമാണ് ചെയ്തിരുന്നത്. ഹദ്റത്ത് ഉബയ്യ് എഴുതിയതിനു ശേഷം ഏറ്റവും അവസാനം തന്റെ പേര് എഴുതാൻ തുടങ്ങി; അതായത് താനാണ് എഴുതിയതെന്ന്, അതിനുശേഷം ഇതൊരു സമ്പ്രദായമായി നിലവിൽ വന്നു.

ഹദ്റത്ത് ഉബയ്യ് വിശുദ്ധ ഖുർആനിലെ ഓരോരോ അക്ഷരവും നബി(സ)തിരുമേനിയുടെ പരിശുദ്ധ നാവിൽനിന്ന് കേട്ടുകൊണ്ടാണ് മന:പ്പാഠമാക്കിയിരുന്നത്. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ താൽപര്യം കണ്ടപ്പോൾ അദ്ദേഹത്തെ പഠിപ്പിക്കാൻ പ്രത്യേക ശ്രദ്ധ കാണിച്ചിരുന്നു. നുബുവ്വത്തിന്റെ മഹത്ത്വം വലിയ സ്വഹാബാക്കളെ ചോദ്യങ്ങൾ ചോദിക്കാൻ അനുവദിച്ചിരുന്നില്ല; അതിൽനിന്ന് അവരെ തടഞ്ഞിരുന്നു. എന്നാൽ, ഹദ്റത്ത് ഉബയ്യ് ഒരു സങ്കോചവും കൂടാതെ താനുദ്ദേശിക്കുന്ന ഏത് ചോദ്യവും ചോദിച്ചിരുന്നു. അതായത് കാര്യബോധമില്ലാതെ ചോദ്യങ്ങൾ ചോദിച്ചിരുന്നു എന്നല്ല; നുബുവ്വത്തിന്റെ മഹത്ത്വത്തിന്റേയും സ്ഥാനത്തിന്റേയും പരിധിയിൽനിന്നുകൊണ്ട് താനുദ്ദേശിക്കുന്ന ചോദ്യങ്ങൾ ചോദിച്ചിരുന്നു. അതിൽ മടി കാണിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഈ താൽപര്യം കണ്ടപ്പോൾ ചിലപ്പോൾ ചോദ്യങ്ങൾ ചോദിച്ചില്ലെങ്കിൽപോലും നബി(സ) തിരുമേനി സ്വയം അതിന് ആരംഭം കുറിച്ചിരുന്നു. (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 148, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഒരിക്കൽ നബി(സ)തിരുമേനി സുബ്ഹി നമസ്കരിപ്പിച്ചു. അതിൽ ഒരു ആയത്ത് മറന്നുപോയി. ഹദ്റത്ത് ഉബയ്യ് നമസ്കാരം തുടങ്ങുമ്പോൾ എത്തിച്ചേർന്നിരുന്നില്ല. ഇടയ്ക്കാണ് വന്നത്. നമസ്കാരം അവസാനിച്ചപ്പോൾ നബി(സ)തിരുമേനി ജനങ്ങളോട് ചോദിച്ചു: ആരെങ്കിലും എന്റെ ഖിർഅത്ത്(ഓത്ത്) ശ്രദ്ധിച്ചിരുന്നുവോ?' എല്ലാവരും നിശബ്ദരായിരുന്നു. തുടർന്നു ചോദിച്ചു: 'ഉബയ്യുബ്നു കഅ്ബുണ്ടോ?' അപ്പോഴേക്കും ഉബയ്യ് നമസ്കരിച്ചു കഴിഞ്ഞിരുന്നു. ഒരു പക്ഷേ, രണ്ടാമത്തെ റക്അത്തിലായിരിക്കും ഇത് പാരായണം ചെയ്തിരിക്കുക. ഈ പിശക് അപ്പോഴായിരിക്കും ഉണ്ടായത്. അതല്ലെങ്കിൽ ആയത്ത് മറന്നതായിരിക്കും. ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് പിന്നീട് വന്നപ്പോൾ അത് കേട്ടിരിക്കാം. ഏതായിരുന്നാലും ഉബയ്യ് നമസ്കാരം അവസാനിപ്പിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, അങ്ങ് 'ഇന്ന' ആയത്ത് പാരായണം ചെയ്തില്ലെന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ശരിയാണ്. അങ്ങ് ഇന്ന ആയത്ത് ഓതിയിട്ടില്ല. അത് കാലഹരണപ്പെട്ടതാണോ അതല്ല അങ്ങ് ഓതാൻ മറന്നതാണോ?' നബി(സ)തിരുമേനി പറഞ്ഞു: 'അല്ല. ഞാൻ അത് ഓതാൻ മറന്നുപോയതാണ്.' തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്കല്ലാതെ മറ്റാർക്കും ഇക്കാര്യത്തിലേക്ക് ശ്രദ്ധ പോയിട്ടുണ്ടാകില്ലെന്ന എനിക്കറിയാമായിരുന്നു.' (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 148, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് വിവരിക്കുന്നു: ഞാൻ മസ്ജിദിലായിരുന്നു. ഒരാൾ വന്നു നമസ്കരിക്കുവാൻ തുടങ്ങി. പിന്നെ അയാൾ തിലാവത്ത് ചെയ്യാൻ തുടങ്ങി. എനിക്കത് ഉപരി വിപ്ലവമായിട്ടാണ് തോന്നിയത്. പിന്നെ മറ്റൊരാൾ അകത്തേയ്ക്ക് വന്നു. അയാൾ തന്റെ സുഹൃത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ഖിർഅത്താണ് ചെയ്തത്. പിന്നെ ഞങ്ങൾ നമസ്കരിച്ചു കഴിഞ്ഞപ്പോൾ, ഞങ്ങൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. ഞാൻ പറഞ്ഞു: 'ഒരാൾ ഇന്ന രീതിയിലാണ് ഖുർആൻ പാരായണം ചെയ്തത്. പിന്നെ മറ്റൊരാൾ വന്നു. അയാൾ തന്റെ സുഹൃത്തിൽനിന്ന് വ്യത്യസ്തമായ തിലാവത്താണ് ചെയ്തത്.' നബി(സ)തിരുമേനി അവർ രണ്ടു പേരോടും ചോദിച്ചു: 'രണ്ടുപേരും തിലാവത്ത് ചെയ്തിരുന്നോ?' അവർ പറഞ്ഞു: 'ചെയ്തിരുന്നു.' നബി(സ)തിരുമേനി അവരിരുവരോടും പറഞ്ഞു: 'നിങ്ങളിരുവരും എന്നെ ഖിർഅത്ത് കേൾപ്പിക്കുവിൻ.' അവരിരുവരും ഖിർഅത്ത് അതായത് വിശുദ്ധ ഖുർആൻ ഓതികേൾപ്പിച്ചു. നബി(സ) തിരുമേനി അവരുടെ പാരായണം ശരിയാണെന്ന് പറഞ്ഞു. അതായത് അവരോട് പറഞ്ഞു, നിങ്ങളിരുവരും ശരിയായാണ് ഓതിയത്. തന്റെ നിലപാട് തിരസ്കരിക്കപ്പെട്ടതിനെ പറ്റി ഹദ്റത്ത് ഉബയ്യ് പറയുന്നു, അയാൾ തെറ്റാണ് പാരായണം ചെയ്തതെന്ന് ഞാൻ ഒരു നിഗമനത്തിൽ എത്തിയിരുന്നു. എന്നാൽ, നബി(സ)തിരുമേനി അത് നിഷേധിക്കുകയും അവരിരുവരുടേത് ശരിയാണെന്ന് പറയുകയും ചെയ്തപ്പോൾ ഞാൻ എത്രമാത്രം ലജ്ജിതനായെന്നാൽ ജാഹിലിയ്യാ കാലഘട്ടത്തിൽ പോലും അത്രമാത്രം ഞാൻ ലജ്ജിതനായിട്ടില്ല. അന്ന് ലജ്ജിതനായത്രയും ജീവിതത്തിൽ എപ്പോഴെങ്കിലും അതിന് മുമ്പേ ലജ്ജിതനായി എനിക്ക് അനുഭവമുണ്ടായിട്ടില്ല. നബി(സ)തിരുമേനി എന്റെ അവസ്ഥ കണ്ടപ്പോൾ, അതായത് ലജ്ജതിനായതിന്റെ ജാള്യത മുഖത്ത് പ്രകടമായിട്ടുണ്ടാകും. എന്റെ നെഞ്ചിൽ കൈകൊണ്ട് തട്ടി. ഞാൻ വിയർത്തു കുളിച്ചിട്ടുണ്ടായിരുന്നു. അതായത് ഞാൻ ഭയംകാരണം അല്ലാഹുവിനെ കാണുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി എന്നോട് പറഞ്ഞു: 'അല്ലയോ ഉബയ്യ്! വിശുദ്ധ ഖുർആൻ എന്റെ ഉമ്മത്തിനുവേണ്ടി ഒരു പാരായണമുറയിൽ ഓതാൻ എനിക്കു സന്ദേശം നൽകപ്പെട്ടിരിക്കുന്നു.' അതിനു മറുപടിയായി ഞാൻ പറഞ്ഞു: 'എന്റെ ഉമ്മത്തിന് എളുപ്പം ഉണ്ടാകേണമേ!' അങ്ങനെ രണ്ടാമതവണ മറുപടിയായി പറഞ്ഞു: 'ഞാൻ വിശുദ്ധ ഖുർആൻ രണ്ട് പാരായണ മുറകളിൽ ഓതണമെന്ന് പറഞ്ഞു.' അപ്പോൾ ഞാൻ വീണ്ടും പറഞ്ഞു: 'എന്റെ ഉമ്മത്തിന് എളുപ്പമാക്കിയാലും.' തുടർന്ന് മൂന്നാമത്തെ പ്രാവശ്യം എന്നോട് പറയപ്പെട്ടു, 'അത് ഏഴു തരം പാരായണ മുറകളിൽ ഓതുക എന്ന്.' ഓരോ ചോദ്യത്തിനു ശേഷവും മലക്ക്, അതായത് ജിബ്രീൽ(അ) പറഞ്ഞു: 'ഓരോ ഖിർഅത്തിനും പകരമായി നിനക്ക് ദുആയുടെ അവകാശം നൽകപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹു താങ്കൾക്ക് സന്ദേശം നൽകിയിരിക്കുന്നു. അതിനാൽ അത് താങ്കൾക്ക് എന്നോട് ചോദിക്കാവുന്നതാണ്. ഞാൻ പറഞ്ഞു: 'അല്ലാഹുവേ, എന്റെ ഉമ്മത്തിന് പൊറുത്തുകൊടുക്കേണമേ! അല്ലാഹുവേ, എന്റെ ഉമ്മത്തിന് പൊറുത്തു കൊടുക്കേണമേ! മൂന്നാമത്തെ ദുആ ഹദ്റത്ത് ഇബ്റാഹിം അടക്കം എല്ലാ സൃഷ്ടികളും എന്നിലേക്ക് തിരിയുന്ന ദിവസത്തേക്കു വേണ്ടി ഞാൻ മാറ്റിവച്ചിരിക്കുകയാണ്.(സ്വഹീഹ് മുസ്ലിം, കിതാബുസ്സ്വലാത്ത്, മുത്തർറജിം നൂർ ഫൗണ്ടേഷൻ വാള്യം 3, പേജ് 308–309)

ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിന് ഖുർആൻ പാരായണകലയിൽ വളരെയേറെ പ്രാഗൽഭ്യമുണ്ടായിരുന്നു. നബി(സ)തിരുമേനി തന്നെയും അദ്ദേഹത്തെ കൊണ്ടാണ് ഖുർആൻ മുഴുവൻ ഓതിച്ചിരുന്നത് എന്നതിൽനിന്ന് അതേപ്പറ്റി ഊഹിക്കാവുന്നതേയുള്ളൂ. നബി(സ)തിരുമേനി വഫാത്തായ വർഷം, നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യിന് ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നു. പറയുന്നു: 'ഉബയ്യിന് ഖുർആൻ പാരായണം ചെയ്ത കേൾപ്പിക്കാൻ ജിബ്രീൽ(അ) എന്നോട് പറഞ്ഞിരിക്കുന്നു.(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 149, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യിന് ഖുർആൻ കേൾപിച്ചു. നബി(സ)തിരുമേനിയുടെ അനുഗൃഹീത കാലഘട്ടത്തിൽ ഉബയ്യ് ഒരു ഇറാൻകാരന് ഖുർആൻ പഠിപ്പിച്ചിരുന്നു. അയാൾക്ക് ഇന്ന ശജറത്തസ്സഖൂമി ത്വആമുൽ അഥീം മിലുള്ള 'അഥീം' പറയാൻ കഴിഞ്ഞിരുന്നില്ല.(44:44–45) 'ഥാഅ്' എന്ന അക്ഷരം എല്ലാത്തവണയും അയാൾ 'യതീം' എന്നാണ് പറഞ്ഞിരുന്നത്. അയാളെ എങ്ങനെ പഠിപ്പിക്കും എന്ന കാര്യത്തിൽ ഹദ്റത്ത് ഉബയ്യ് ഏറെ അസ്വസ്ഥനായിരുന്നു. അപ്പോൾ നബി(സ) തിരുമേനി അതുവഴികടന്നുപോകാൻ ഇടയായി. അദ്ദേഹത്തിന്റെ അസ്വസ്ഥത കണ്ടപ്പോൾ, അവിടെനിന്നു. ഇക്കാര്യം കേട്ടപ്പോൾ ഇറാനിഭാഷയിൽ പറഞ്ഞു: 'അയാളോട് 'ത്വആമുൻ ളഥീം' എന്ന് ചൊല്ലാൻ പറയുക, എന്നു പറഞ്ഞു. അതായത് 'ളാഅ്'കൊണ്ടു ഉച്ചരിപ്പിക്കുക. അദ്ദേഹം അയാളോട് ഇങ്ങനെ പറഞ്ഞപ്പോൾ അയാൾ ശരിയായി 'അഥീം' എന്ന് ഉച്ചരിച്ചു. തുടർന്ന് അദ്ദേഹം 'ളാഥിം' എന്നു പറഞ്ഞപ്പോൾ അയാൾ ശരിയായി 'അഥീം' എന്ന് ഉച്ചരിക്കുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യിനോട് പറഞ്ഞു: 'അയാളുടെ ഭാഷ നന്നാക്കുക.' അതായത് അയാളുടെ ഭാഷയിൽ അയാൾക്ക് പറഞ്ഞു കൊടുക്കുക. അങ്ങനെ അയാൾ ശരിയായ ഉച്ചാരണശുദ്ധിയിൽ ഖുർആൻ ഓതുന്നതാണ്. അയാൾക്ക് അക്ഷരങ്ങൾ പറയാൻ പഠിപ്പിക്കുക. അല്ലാഹു അതിനു നിങ്ങൾക്ക് പ്രതിഫലം നൽകുന്നതാണ്.' (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 152, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഒരിക്കൽ നബി(സ)തിരുമേനി ജുമുഅക്ക് ഖുത്ബ നൽകുകയായിരുന്നു. സൂറ: ബറാഅത്ത് (തൗബ) പാരായണംചെയ്തു. ഈ സൂറത്തിനെ പറ്റി ഹദ്റത്ത് അബൂദർദാക്കും അബൂദർറിനും അറിവുണ്ടായിരുന്നില്ല. ഖുത്ബക്കിടയിൽ ഉബയ്യിനോട് ആംഗ്യത്തിലൂടെ ഇത് എപ്പോഴാണ് ഇറങ്ങിയതെന്നും തങ്ങൾ അത് കേട്ടിട്ടില്ലല്ലോ എന്നും പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉബയ്യ് നിശബ്ദമായിരിക്കാൻ ആംഗ്യം കാണിച്ചു. അതിനു ശേഷം വീട്ടിൽ പോകാൻ എണീറ്റപ്പോൾ ആ രണ്ടു മഹാന്മാരും എണീറ്റ് ഹദ്റത്ത് ഉബയ്യിനോട് പറഞ്ഞു: 'നിങ്ങൾ എന്തുകൊണ്ടാണ് ഞങ്ങളുടെ ചോദ്യത്തിനു മറുപടി തരാഞ്ഞത്?' മറുപടിയായി ഉബയ്യ് പറഞ്ഞു: 'നിങ്ങളുടെ നമസ്കാരം നഷ്ടപ്പെട്ടിരിക്കുന്നു. അതും ഒരു അനാവശ്യ ചലനം കാരണം.' ഇതുകേട്ടപ്പോൾ അവർ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറ

ഞ്ഞു: 'ഉബയ്യ് ഇങ്ങനെ പറയുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'സത്യമാണ് പറഞ്ഞത്', അതായത് ഖുത്ബയുടെ അവസരത്തിൽ നിങ്ങൾ സംസാരിക്കാൻ പാടില്ലായിരുന്നു.'

ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലയോ അബൂ മുൻദിർ! നിങ്ങളുടെ കൈയിലുള്ള അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഏറ്റവും മഹത്തായ ആയത്ത് ഏതാണെന്നു നിങ്ങൾക്ക് അറിയാമോ?' ഹദ്റത്ത് ഉബയ്യ് പറയുന്നു: ഞാൻ പറഞ്ഞു: 'അല്ലാഹുവും അവന്റെ റസൂലുംതന്നെയാണ് നന്നായി അറി യുന്നത്.' നബി(സ)തിരുമേനി രണ്ടാമതും ചോ ദിച്ചു: 'അബൂമുൻദിർ! താങ്കളുടെ പക്കലുള്ള അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഏറ്റവും മഹത്തായ ആയത്ത് ഏതാണെന്ന് താങ്കൾക്ക് അറിയാമോ?' അദ്ദേഹം പറയുന്നു: 'നബി(സ)തിരുമേനി വീണ്ടും ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽഖയ്യൂം' അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി എന്റെ നെഞ്ചിൽ കൈതട്ടിക്കൊണ്ട് പറഞ്ഞു: 'അബൂമുൻദിർ! അല്ലാഹുവാണ, അതുതന്നെ.' നിങ്ങൾക്ക് നിങ്ങളുടെ അറിവ് അനുഗൃഹീതമാകട്ടെ.(സ്വഹീഹ് മുസ്‌ലിം കിതാബുസ്സലാത്തുൽമുസാഫിരീൻ, മുതർജിം നൂർ ഫൗണ്ടേഷൻ, വാല്യം 3, പേജ് 300)

നബി(സ)തിരുമേനി പറഞ്ഞു: 'ശരിയാണ്. ആ പറഞ്ഞ മറുപടി നബി(സ)തിരുമേനിക്ക് ഇഷ്ടമായി.

നബി(സ)തിരുമേനിയുടെ പരിശുദ്ധ കാലഘട്ടത്തിൽ ഹദ്റത്ത് ഉബയ്യ്, ഹദ്റത്ത് ത്വുഫയ്ൽ ബിൻ അംറ് ദൗസിക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. അദ്ദേഹം ഒരു വില്ല് അതിന് ഉപഹാരമായി നൽകി. ഹദ്റത്ത് ഉബയ്യ് അതുമെടുത്തു നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനി ചോദിച്ചു: 'ഇത് എവിടെ നിന്നാണ് കൊണ്ടുവന്നത്?' ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഇതൊരു ശിഷ്യൻ തന്ന ഉപഹാരമാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'അത് അയാൾക്കു തന്നെ തിരികെ കൊടുക്കുക. മേലിൽ ഇത്തരം ഉപഹാരങ്ങൾ വാങ്ങുന്നതിൽനിന്നു വിട്ടു നിൽക്കുക.' അതുപോലെ മറ്റൊരു ശിഷ്യൻ വസ്ത്രം ഉപഹാരമായി നൽകി. അക്കാര്യത്തിലും ഇതേ സംഭവമാണുണ്ടായത്. അതുകൊണ്ട് പിന്നീട് പൂർണമായും ഇത്തരം കാര്യങ്ങളിൽനിന്ന് അദ്ദേഹം വിട്ടു നിൽക്കുകയുണ്ടായി. അതായത് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന് ഒരു ഉപഹാരവും വാങ്ങരുത്. സിറിയയിലെ ജനങ്ങൾ വിശുദ്ധ ഖുർആൻ അദ്ദേഹത്തിൽ നിന്ന് പഠിക്കുകയും മദീനയിലെ എഴുത്തുകാരെക്കൊണ്ട് എഴുതിക്കുകയും ചെയ്തിരുന്നു. എഴുതിപ്പിക്കുന്നതിന് കൂലിയായി സിറിയക്കാർ എഴുതുന്നവരെ ഭക്ഷണത്തിന് ക്ഷണിക്കാറുണ്ടായിരുന്നു. അതായത് കൂലി എന്ന നിലയ്ക്ക് തങ്ങളോടൊപ്പം ഭക്ഷണം കഴിപ്പിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് ഉബയ്യ് ഒരിക്കൽ പോലും അവരുടെ ക്ഷണം സ്വീകരിച്ചിരുന്നില്ല. ഒരു ദിവസം ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോട് ചോദിച്ചു: 'സിറിയയിലെ ഭക്ഷണം എങ്ങനെയുണ്ടായിരുന്നു?' ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഞാൻ അവരിൽനിന്ന് ഭക്ഷണം കഴിച്ചിട്ടില്ല. മറിച്ച് എന്റെതന്നെ ഭക്ഷണമാണ് കഴിക്കാറുള്ളത്.(സയ്റുസ്സ്വഹാബ വാല്യം 3, പേജ് 151-152, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഉബയ്യ്(റ), ബദ്ർ ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. (ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 378, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2017)

ഉഹുദ് യുദ്ധത്തിൽ ഒരു അമ്പ് അദ്ദേഹത്തിന്റെ ഞരമ്പിൽ തറച്ചു. medium vein എന്ന പ്രധാന ഞരമ്പിലാണ് അത് തറച്ചത്. ഈ ഞരമ്പാണ് തല, നെഞ്ചിന്റെ പിൻഭാഗം, കൈകാലുകൾ എന്നിവയിലേക്കെല്ലാം രക്തം എത്തിക്കുന്നത്. ഇതേ തുടർന്ന് നബി(സ)തിരുമേനി ഒരു വൈദ്യനെ അദ്ദേഹത്തെ ചികിത്സിക്കാൻ പറഞ്ഞയക്കുകയുണ്ടായി. അയാൾ ആ ഞരമ്പ് മുറിച്ചു തന്റെ കൈകൊണ്ട് അത് തുന്നിച്ചേർത്തു. (സയ്റുസ്സ്വഹാബ വാല്യം 3, പേജ് 141-142, മക്തബ ദാറുൽ ഇശാഅത്ത് ഉർദുബാസാർ കറാച്ചി)(ഉർദു നിഘണ്ടു, വാല്യം 22, പേജ് 29, ഉർദു ലുഗത്ത് ബോർഡ്, കറാച്ചി)(Lexicon under word കുഹ്ൽ)

ഉഹുദ് യുദ്ധത്തിലെ ഒരു സംഭവം നേരത്തേയും വിവരിച്ചതാണ്. ഇവിടെയും സംക്ഷിപ്തമായി വിവരിക്കാം. യുദ്ധത്തിനുശേഷം നബി(സ)തിരുമേനി ഉബയ്യുബ്നു കഅ്ബിനോട് പറഞ്ഞു: 'പോയി പരിക്കേറ്റവരെ സന്ദർശിച്ചു വരിക!' അദ്ദേഹം അവരെയും അന്വേഷിച്ച് ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്ന്റെ അടുക്കലെത്തി. അദ്ദേഹത്തിന് ശക്തമായ പരിക്കുപറ്റിയിരുന്നു. അവസാനശ്വാസം വലിക്കുകയായിരുന്നു. അദ്ദേഹത്തോടു പറഞ്ഞു: 'ബന്ധുമിത്രാദികൾക്ക് വല്ല സന്ദേശവുമുണ്ടെങ്കിൽ എന്നോട് പറയുക.' ഹദ്റത്ത് സഅ്ദ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ ഏതെങ്കിലും മുസ്‌ലിം വന്നെങ്കിൽ സന്ദേശം നൽകാമെന്ന പ്രതീക്ഷയിലായിരുന്നു.' തുടർന്നു പറയുന്നു: 'എനിക്ക് കൈതന്നിട്ട്, എന്റെ സന്ദേശം തീർച്ചയായും എത്തിക്കുമെന്ന് വാഗ്ദാനം ചെയ്യു! എന്റെ സഹോദരാ! മുസ്‌ലിമീങ്ങൾക്ക് എന്റെ സലാം എത്തിക്കണം. നബി(സ)തിരുമേനി നമ്മുടെ പക്കൽ അല്ലാഹുവിന്റെ ഏറ്റവും നല്ല അമാനത്ത് അഥവാ സൂക്ഷിപ്പ് മുതലാണെന്നും ഞങ്ങൾ ഞങ്ങളുടെ ജീവൻ കൊണ്ടാണ് ആ അമാനത്തിനെ സംരക്ഷിച്ചു പോന്നതെന്നും ഇനി ഈ അമാനത്ത് നിങ്ങളെ ഏല്പിച്ച് ഞങ്ങൾ പോവുകയാണെന്നും നിങ്ങൾ ഇതിന്റെ സംരക്ഷണത്തിൽ ദൗർബല്യം കാണിക്കരുതെന്നും എന്റെ ജനതയോടും എന്റെ ബന്ധുക്കളോടും പറയുക.'(തഫ്സീറെ കബീർ വാല്യം 7പേജ് 338)

ഹിജ്റ 9 ലാണ് 'സകാത്ത്' ഫർള് അഥവാ നിർബന്ധമാക്കപ്പെട്ടത്. നബി(സ)തിരുമേനി സ്വദഖകൾ പിരിക്കാൻ അറേബ്യയിലെ പ്രവശ്യകളിലേക്ക് പ്രവർത്തകരെ അയച്ചു. ഹദ്റത്ത് ഉബയ്യ്, ബനൂ ബില്ല, ബനൂ അദർ, ബനൂ സഅ്ദ് എന്നിവരിൽനിന്ന് സ്വദഖ സ്വീകരിക്കാനാണ് നിയോഗിതനായത്. ഒരിക്കൽ ഹദ്റത്ത് ഉബയ്യ് ഒരു ഗ്രാമത്തിൽപോയി. അവിടെ ഒരാൾ തന്റെ എല്ലാ മൃഗങ്ങളേയും അദ്ദേഹത്തിന്റെ മുന്നിലെത്തിച്ചു. എന്നിട്ടു അതിൽനിന്ന് ഇഷ്ടമുള്ളത് സക്കാത്തായി എടുക്കാൻ പറഞ്ഞു. ഹദ്റത്ത് ഉബയ്യ് ഒട്ടകങ്ങൾക്കിടയിൽനിന്ന് രണ്ടു വയസ്സുള്ള ഒരു കുട്ടിയെ എടുത്തു. സ്വദഖകൊടുക്കുന്ന ആൾ പറഞ്ഞു: 'അത് എടുത്തതുകൊണ്ട് എന്താണ് ഗുണം? അത് പാലും തരില്ല. യാത്രയ്ക്കും പറ്റില്ല. താങ്കൾ എടുക്കുകയാണെങ്കിൽ ഈ പെൺഒട്ടകത്തെ എടുക്കുക. ഇത് തടിച്ചതുമാണ്. ചെറുപ്പവുമാണ്.' ഹദ്റത്ത് ഉബയ്യ് പറഞ്ഞു:'അത് ഒരിക്കലും സാധ്യമല്ല. നബി(സ)തിരുമേനിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി എനിക്കൊന്നും ചെയ്യാൻ സാധ്യമല്ല. അതിനെക്കാൾ നല്ലത് ഇതുതന്നെയാണ്. മദീന ഇവിടെ നിന്ന് അധികദൂരമൊന്നും ഇല്ലല്ലോ? എന്റെ കൂടെ നബി(സ)തിരുമേനിയുടെ സവിധത്തിൽ പോകാം. നബി(സ)തിരുമേനി പറയുന്നതുപോലെ ചെയ്യാം.' അതിന് അയാൾ സമ്മതിച്ചു. അങ്ങനെ ഉബയ്യിനോടൊപ്പം മദീനയിലെത്തി, നബി(സ)തിരുമേനിയോട് എല്ലാ കാര്യങ്ങളും വിവരിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ഇതാണ് നിങ്ങളുടെ താല്പര്യമെങ്കിൽ, വലിയ ഒട്ടകത്തെ തരാമെന്നാണ് ആഗ്രഹമെങ്കിൽ, അത് തന്നു കൊള്ളുക. അത് സ്വീകരിക്കപ്പെടുന്നതാണ്.' അങ്ങനെ ആ വലിയ ഒട്ടകത്തെ നബി(സ)തിരുമേനിയുടെ സവിധത്തിൽ കൊടുത്തുകൊണ്ട് അയാൾ തിരിച്ചുപോയി.

ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് വിശുദ്ധ ഖുർആൻ ക്രമീകരിച്ച് ക്രോഡീകരിക്കാനുള്ള ജോലികൾ ആരംഭിച്ചു. സ്വഹാബാക്കളുടെ ഒരു സംഘത്തെ ഈ ജോലിക്കുവേണ്ടി നിയോഗിച്ചിരുന്നു. ഹദ്റത്ത് ഉബയ്യ് ആയിരുന്നു അവരുടെ മേൽനോട്ടക്കാരൻ. അദ്ദേഹം വിശുദ്ധ ഖുർആനിലെ വാക്കുകൾ പറയുകയും മറ്റുള്ളവർ അതെഴുതുകയും ചെയ്തിരുന്നു. ഇവർ ദൈവജ്ഞാനമുള്ളവരായിരുന്നു. അതുകൊണ്ട് ഏതെങ്കിലും ആയത്തിൽ ചർച്ചയും സംസാരവുമുണ്ടാകുമായിരുന്നു. അവർ സൂറ: തൗബയിലെ *ഥുമ്മ ൻസ്വറഫൂ സ്വറഫല്ലാഹു ഖുലൂബഹും ബി അന്നഹും ഖൗമുൻ ലാ യഫ്ഖഹൂൻ* (9:127) എന്ന ആയത്തിലെത്തിയപ്പോൾ ആളുകൾ പറഞ്ഞു, 'ഈ ആയത്താണ് ഏറ്റവും അവസാനം അവതരിച്ചത്.' ഹദ്റത്ത് ഉബയ്യ് പറഞ്ഞു, 'അല്ല ഇതിനു ശേഷം നബി(സ)തിരുമേനി രണ്ട് ആയത്തുകൾ എനിക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ഇത് അവസാനത്തെ ആയത്തല്ല. മറിച്ച് ഇത് അവസാനത്തെ രണ്ട് ആയത്തുകൾക്ക് മുമ്പേയുള്ളതാകുന്നു.' (സയ്റുസ്സ്വഹാബ വാല്യം 3, പേജ് 142, മക്തബ ദാറുൽഇശാഅത്ത് ഉർദു ബാസാർ കറാച്ചി)

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുകാലത്ത് നൂറുക്കണക്കിന് പ്രയോജനപ്രദമായ കാര്യങ്ങൾക്ക് ആരംഭം കുറിച്ചിരുന്നു. അതിലൊന്ന് മജ്‌ലിസ് ശൂറായുടെ സ്ഥാപനമാണ്. ഇസ്‌ലാമിൽ ഹദ്റത്ത് ഉമറിന്റെ കാലത്താണ് മജ്‌ലിസ് ശൂറാ ആരംഭിച്ചത്. ഈ മജ്‌ലിസ് ശൂറാ, അൻസ്വാറിലേയും മുഹാജിറുകളിലേയും കഴിവുറ്റ സ്വഹാബാക്കൾ അടങ്ങിയതായിരുന്നു. അതിൽ ഖസ്റജ് ഗോത്രത്തിൽനിന്ന് ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ് അംഗമായിരുന്നു. (സയ്റുസ്സ്വഹാബ വാല്യം 3, പേജ് 142-143, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ജാബിർ അല്ലെങ്കിൽ ജുവയ്ബിർ എന്നു പേരുള്ള ഒരാൾ നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ എന്തോ ഒരു കാര്യത്തിനുവേണ്ടി ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹത്തിന്റെ സന്നിധിയിലെത്തി. സമീപത്ത് ഒരാൾ നിൽപുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുടിയും വസ്ത്രവും വെള്ളയായിരുന്നു. അദ്ദേഹം പറഞ്ഞു: 'നിശ്ചയമായും നമുക്ക് ഈ ലോക

**തിരുനബിയുടെ തിരുമൊഴികൾ:**

**ഹദ്റത്ത് ആഇശാ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'സ്വുബ്ഹിന്റെ രണ്ടു റക്അത്ത് (സുന്നത്ത്) നമസ്കാരം ദുൻയാവിനെക്കാളും അതിലുള്ള സകലതിനെക്കാളും ഉത്തമമാകുന്നു.' (മുസ്‌ലിം, ഹദീഥ് 359)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**തിരുനബിയുടെ തിരുമൊഴികൾ:**

**അബൂഹുറയ്റ(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി സ്വുബ്ഹിന്റെ രണ്ടു റക്അത്തുകളിൽ ഖുൽ യാ അയ്യുഹൽകാഫിറൂൻ, ഖുൽ ഹുവല്ലാഹു അഹദ് എന്നിവ ഓതി.' (മുസ്‌ലിം, ഹദീഥ് 360)**

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

ത്ത് ലക്ഷ്യത്തിൽ എത്താനുള്ള മാർഗങ്ങളും പരലോകത്തേക്കുള്ള പാഥേയവുമുണ്ട്. ആഖിറത്തിൽ നമുക്ക് പ്രതിഫലം ലഭിക്കാനുള്ള കർമങ്ങളും ഇവിടെതന്നെയാണുള്ളത്.' ജാബിർ പറയുന്നു: 'ഞാൻ ചോദിച്ചു, യാ അമീറൽ മുഅ്മിനീൻ! ഈ വ്യക്തിയാരാണ്?' ഹദ്റത്ത് ഉമർ(റ) മറുപടിയായി പറഞ്ഞു: 'ഇത് മുസ്‌ലിമീങ്ങളുടെ നേതാവ് ഉബയ്യുബ്നു കഅ്ബാകുന്നു. (ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 378–379, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2017)

അബ്ദുർറഹ്മാൻ ബിൻ അബ്ദ് ഖാരീ നിവേദനം. അദ്ദേഹം പറയുന്നു: 'ഞാൻ റമളാനിൽ ഒരു രാത്രി ഹദ്റത്ത് ഉമർ ബിൻ ഖത്വാബിന്റെ കൂടെ മസ്ജിദിലേക്ക് പുറപ്പെട്ടു. അവിടെ ജനങ്ങൾ വ്യത്യസ്ത ഗ്രൂപ്പുകളായിട്ടാണ് കണ്ടത്. ചിലയാളുകൾ സ്വന്തം നിലയ്ക്ക് നമസ്കരിച്ചുകൊണ്ടിരിക്കുന്നു. ചിലർ ഒരാളുടെ പിന്നിൽ നമസ്കരിക്കുന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഞാൻ മനസ്സിലാക്കുന്നത് ഇവരെ ഒരു ഖാരിയുടെ പിന്നിൽ ഒരുമിച്ചുകൂട്ടുകയാണെങ്കിൽ നല്ലതായിരിക്കുമെന്നാണ്.' അങ്ങനെ അദ്ദേഹം ഉറച്ച തീരുമാനമെടുക്കുകയും അവരെ ഹ്ദ്റത്ത് ഉബയ്യുബ്നു കഅ്ബിന്റെ നേതൃത്വത്തിൽ ഒരുമിച്ച് കൂട്ടുകയും ചെയ്തു.(സ്വഹീഹ് ബുഖാരി, കിതാബുസ്സ്വലാത്തുത്തറാവീഹ്, ഹദീഥ് നമ്പർ 2010, മുത്ർറജിം വാള്യം 3, പേജ് 680–681, പ്രസാധകർ നള്വാറത്ത് ഇശാഅത്ത് റബ്വ)

അവർ അപ്പോൾ രാത്രിയിൽ നഫ്ൽ നമസ്കരിക്കുകയായിരുന്നിരിക്കാം.

ഹദ്റത്ത് ഉബയ്യ്, നബി(സ)തിരുമേനിയിൽനിന്ന് ഹദീഥിന്റെ വലിയൊരു ഭാഗംകേട്ട മഹാത്മാക്കളിൽ ഒരാളായിരുന്നു. അതുകൊണ്ടുതന്നെ നിരവധി സ്വഹാബാക്കൾ ഹദീഥ് ദർസിൽ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നവരിൽ, അധികവും സ്വഹാബാക്കളായിരുന്നു. സ്വഹാബാക്കളും അദ്ദേഹത്തിൽ നിന്ന് ഹദീഥ് കേൾക്കുമായിരുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ), ഹദ്റത്ത് അബു അയ്യൂബ് അൻസ്വാരി(റ), ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ), ഹദ്റത്ത് അബൂഹുറയ്റ(റ), ഹദ്റത്ത് അബൂമൂസാ അശ്അരി(റ), ഹദ്റത്ത് അനസ് ബിൻ മാലിക്(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ), ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ്(റ), ഹദ്റത്ത് സുലയ്മാൻ ബിൻ സ്വർദിയ്യാ(റ) തുടങ്ങിയവരെല്ലാം ഹദ്റത്ത് ഉബയ്യിൽ നിന്നുള്ള ഹദീഥ് വിജ്ഞാനം പ്രയോജനപ്പെടുത്തിയവരാകുന്നു.(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 154, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഖയ്സ് ബിൻ ഉബാദ(റ) മദീനയിൽ സ്വഹാബാക്കളെ കാണാൻ വന്നു. അദ്ദേഹം പറയുന്നു: 'ഞാൻ ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിനേക്കാളും വലുതായി ആരെയും കണ്ടിട്ടില്ല. നമസ്കാര സമയമായി. ജനങ്ങൾ ഒരുമിച്ചുകൂടി. ഹദ്റത്ത് ഉമറും വന്നിരുന്നു. ആർക്കോ എന്തിനേയോ സംബന്ധിച്ച് മനസ്സിലാക്കി കൊടുക്കാനുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉബയ്യ് എഴുന്നേറ്റു നബി(സ)തിരമേനിയുടെ ഹദീഥ് ജനങ്ങൾക്ക് പറഞ്ഞുകൊടുത്തു. ജനങ്ങൾക്ക് എത്ര മാത്രം താൽപര്യമുണ്ടായിരുന്നുവെന്നാൽ എല്ലാവരും കാതുകൂർപ്പിച്ചിരിക്കുകയായിരുന്നു. ഹദ്റത്ത് ഉബയ്യിന്റെ ഈ മഹിതസ്ഥാനം, ഖയ്സിനെ വല്ലാതെ സ്വാധീനിക്കുകയുണ്ടായി. (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 154, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഉമറിന്റെ അടുക്കൽ ഒരു സ്ത്രീ വന്നു പറഞ്ഞു: 'എന്റെ ഭർത്താവ് മരണപ്പെട്ടിരിക്കുന്നു. ഞാൻ ഗർഭിണിയാണ്. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ മതനിയമം കണ്ടുപിടിക്കുകയും ഫിഖ്ഹി മസ്അലകൾ പരിഹരിക്കപ്പെടുകയും ചെയ്യാറുണ്ടായിരുന്നു. ഏതായിരുന്നാലും ഗർഭിണിയായ അവർ വന്നു. അവർ പറഞ്ഞു: 'എന്റെ ഭർത്താവ് മരണപ്പെട്ടിരിക്കുന്നു. അപ്പോൾ ഞാൻ ഗർഭിണിയായിരുന്നു. ഇപ്പോൾ കുട്ടി ജനിച്ചിരിക്കുന്നു. എന്നാൽ, ഇദ്ദയുടെ ദിനങ്ങൾ പൂർത്തിയായിട്ടില്ല. അതായത് ഭർത്താവ് മരണപ്പെട്ടാൽ നാലുമാസവും പത്ത് ദിവസവും ഇദ്ദയിരിക്കണം. അത് പൂർത്തിയായിട്ടില്ല. ഞാൻ അന്ന് ഗർഭിണിയായിരുന്നു. ഇദ്ദ പൂർത്തിയാകുന്നതിനുമുമ്പേ പ്രസവം നടന്നു. ഈ സാഹചര്യത്തിൽ അങ്ങ് എന്താണ് പറയുന്നത്? ഞാൻ ഇനി ഇദ്ദ പൂർത്തിയാക്കട്ടെ? അല്ല ഇതു മതിയോ?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: നിശ്ചിതകാലാവധി വരെ ഇരിക്കുക. അതായത് ഭർത്താവ് മരിച്ച സ്ത്രീക്ക് ആവശ്യമായ നിശ്ചിത അവധി അഥവാ ഇദ്ദ പൂർത്തിയാക്കുക. ആ സ്ത്രീ ഹദ്റത്ത് ഉബയ്യിന്റെ അടുക്കലെത്തി. അദ്ദേഹത്തോട് അതേപ്പറ്റി ചോദിച്ചു. ഹദ്റത്ത് ഉമറിനോട് ചോദിച്ചതും വിവരിച്ചു. അതായത് ഹദ്റത്ത് ഉമറിന്റെ മറുപടി ഹദ്റത്ത് ഉബയ്യിനോട് പറഞ്ഞു. ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'സ്ത്രീ അനുവദനീയമാക്കപ്പെട്ടു.' അതായത് ഇദ്ദയുടെ ആവശ്യമില്ലെന്ന് ഉബയ്യ് പറയുന്നതായി ഹദ്റത്ത് ഉമറിനോട് പോയി പറയൂ. അദ്ദേഹം എന്നെ ചോദിച്ചാൽ ഞാൻ ഇവിടെ ഇരിക്കുന്നുണ്ട്. എന്നെ വന്നുവിളിക്കുക.'

ആ സ്ത്രീ ഹദ്റത്ത് ഉമറിന്റെ അടുക്കലെത്തി. ഹദ്റത്ത് ഉമർ പറഞ്ഞു: 'ഹദ്റത്ത് ഉബയ്യിനെ വിളിച്ചുകൊണ്ടുവരൂ!' അങ്ങനെ ഹദ്റത്ത് ഉബയ്യ് എത്തി. ഹദ്റത്ത് ഉമർ ചോദിച്ചു: 'താങ്കൾ എവിടെ നിന്നാണ് ഇങ്ങനെ പറഞ്ഞത്?' ഉബയ്യ് പറഞ്ഞു: 'വിശുദ്ധ ഖുർആനിൽ നിന്ന്.' തുടർന്നു അദ്ദേഹം, *വ ഉലാത്തുൽഅഹ്മാലി അജലുഹുന്ന അൻയ്യളഅ്ന ഹംലഹുന്ന* എന്ന ആയത്തോതി.(65:5) ഗർഭിണികളായ സ്ത്രീകളാവട്ടെ, അവരുടെ അവധി അവർ പ്രസവിക്കലാകുന്നു. തുടർന്ന് പറഞ്ഞു: ഗർഭിണിയായ അവസ്ഥയിൽ വിധവയാകുന്ന സ്ത്രീയും ഈ വിധിയിൽ ഉൾപ്പെടുന്നു. ഞാൻ ഇതു സംബന്ധിച്ച് നബി(സ)തിരുമേനിയിൽ നിന്ന് ഹദീഥും കേട്ടിട്ടുണ്ട്. ഹദ്റത്ത് ഉമർ ആ സ്ത്രീയോട് പറഞ്ഞു, 'ഇദ്ദേഹം പറയുന്നത് കേൾക്കുക.' അതായത് അത് ശരിയാണ്. അതനുസരിച്ച് പ്രവർത്തിച്ചു കൊള്ളുക. ഹദ്റത്ത് ഉബയ്യ് പറയുന്നത് പോലെചെയ്യുക.

നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസിന്റെ വീട് മസ്ജിദിനോടു ചേർന്നിട്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) മസ്ജിദ് വിപുലീകരിക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് അബ്ബാസിനോട് പറഞ്ഞു: 'താങ്കൾ വീട് വിൽക്കുക, ഞാൻ അതിനെ മസ്ജിദിൽ കൂട്ടിച്ചേർക്കുന്നതാണ്.' ഹദ്റത്ത് അബ്ബാസ് പറഞ്ഞു: 'അത് സാധ്യമല്ല.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'എങ്കിൽപിന്നെ താങ്കൾ അത് ഉപഹാരമായി നൽകുക.' ഹദ്റത്ത് അബ്ബാസ്(റ) അതും നിരാകരിച്ചു. അദ്ദേഹത്തിന് സ്വന്തമായ തീരുമാനമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'എങ്കിൽ താങ്കൾതന്നെ മസ്ജിദ് വിപുലീകരിക്കുക. താങ്കളുടെ ഭാഗത്തുനിന്ന് അത് ചെയ്താൽ നന്നായിരിക്കും. താങ്കളുടെ വീടും ഉൾപ്പെടുത്തി മസ്ജിദ് വിപുലമാക്കിയാൽമതി.' ഹദ്റത്ത് അബ്ബാസ്(റ)പറഞ്ഞു: 'അതും സാധ്യമല്ല.' അതും അദ്ദേഹം അംഗീകരിച്ചില്ല. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഈ മൂന്നു കാര്യങ്ങളിലൊന്ന് താങ്കൾ അംഗീകരിച്ചേ പറ്റൂ.' ഹദ്റത്ത് അബ്ബാസ്(റ) പറഞ്ഞു: 'ഞാൻ അതിലൊന്നു പോലും അംഗീകരിക്കുകയില്ല.' അവസാനം അവരിരുവരും ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിനെ മധ്യസ്ഥനാക്കി. വിഷയം ന്യായാധിപന്റെ അടുക്കലെത്തി. ഹദ്റത്ത് ഉബയ്യ്, ഹദ്റത്ത് ഉമറിനോടു ചോദിച്ചു: 'അദ്ദേഹത്തിന് ഇഷ്ടമില്ലെങ്കിൽ താങ്കൾക്കത് ഏറ്റെടുക്കാൻ എന്ത് അവകാശമാണുള്ളത്?' ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഇല്ല, താങ്കൾക്ക് അത് ഏറ്റെടുക്കാൻ കഴിയില്ല.' ഹദ്റത്ത് ഉമർ(റ), ഉബയ്യിനോട് ചോദിച്ചു: 'താങ്കൾ ഇതു സംബന്ധിച്ച വിധി വിശുദ്ധ ഖുർആിൽ നിന്നാണോ, അതല്ല ഹദീഥിൽ നിന്നാണോ എടുത്തത്?' ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഹദീഥിൽ നിന്ന്.' ഹദ്റത്ത് സുലയ്മാൻ(അ), ബയ്ത്തുൽ മുഖദ്ദസിന്റെ കെട്ടിടം നിർമിച്ചപ്പോൾ അതിന്റെ ഒരു ഭിത്തി മറ്റൊരാളുടെ ഭൂമിയിലാണുണ്ടാക്കിയത്. അത് പൊളിക്കേണ്ടതായിവന്നു. ഹദ്റത്ത് സുലയ്മാന് അയാളുടെ അനുമതിയോടെ നിർമിക്കണമെന്ന വഹ്യ് ഇറങ്ങി. ഹദ്റത്ത് ഉമർ ഇത് കേട്ടപ്പോൾ നിശബ്ദനായി. പക്ഷേ, എന്തായാലും ഹദ്റത്ത് അബ്ബാസിന് ഖിലാഫത്തിനോട് ആത്മാർഥതയും കൂറുമുണ്ടായിരുന്നു. ബയ്അ ത്തും ചെയ്തിട്ടുണ്ടായിരുന്നു. ആ ചിന്തയും ഉയർന്നു വരാൻ തുടങ്ങി. ഒരിക്കൽ നിഷേധിച്ചതാണ്. എങ്കിലും നന്മയും ഭയഭക്തിയും ദീനിനോട് ആത്മാഭിമാനവുമുണ്ടായിരുന്നു. ഖിലാഫത്തിനോട് ആദരവുമുണ്ടായിരുന്നു. അതൊക്കെ പിന്നീട് വെളിപ്പെട്ടു. ഹദ്റത്ത് ഉമർ ശരിയെന്ന് പറഞ്ഞ് നിശബ്ദനായപ്പോൾ ഹദ്റത്ത് ഉമറിനോട് അദ്ദേഹം പറഞ്ഞു: 'ശരി എന്റെ വീട് ഞാൻ മസ്ജിദിൽ ചേർക്കുന്നു.'(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 155, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഉമർ(റ) ഒരിക്കൽ ഹജ്ജ് 'തമത്തുഅ്'ൽ നിന്ന് ജനങ്ങളെ വിലക്കാൻ തീരുമാനിച്ചു. മൂന്ന് തരത്തിലുള്ള ഹജ്ജ് ഉണ്ട്. ഹജ്ജ് 'തമത്തുഅ്' എന്താണെന്ന് പല യുവാക്കൾക്കും ഒരുപക്ഷേ അറിയില്ല. അതായത് ഉംറയ്ക്കുവേണ്ടി ഇഹ്റാം കെട്ടി മക്കയിലെത്തുക. ആദ്യം ഉംറ നിർവഹിക്കുക. പിന്നെ ഇഹ്റാം അഴിക്കുക. തുടർന്ന് ദുൽഹജ്ജ് 8–ാം തിയതി പുതിയ ഇഹ്റാംകെട്ടി ഹജ്ജ്ചെയ്യുക. ഇതാണ് 'ഹജ്ജ് തമത്തുഅ്'. പൊതുവിൽ അറിയപ്പെടുന്ന ഹജ്ജാണ് ഹജ്ജ് മുഫ്റദ്. ഖിറാനിൽ ഉംറയും ഹജ്ജും ഒരേ ഇഹ്റാമിൽതന്നെ അനുഷ്ഠിക്കുന്നു. ഏതായിരുന്നാലും ഹദ്റത്ത് ഉമർ(റ) ഹജ്ജ് തമത്തുഅ് ചെയ്യുന്നതിൽനിന്ന് വിലക്കി. ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'താങ്കൾക്ക് ഇത് വിലക്കാനുള്ള ഒരു അധികാരവുമില്ല. വീണ്ടും ഹദ്റത്ത് ഉമറിനെ അതിൽനിന്ന് പിന്തിരിപ്പിച്ചു. അത് ശരിയല്ലെന്നും പറഞ്ഞു. പിന്നീട് ഹദ്റത്ത് ഉമർ അത് വിലക്കിയിട്ടില്ല. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) കൂഫയിൽനിന്ന് മൂന്ന് മൈൽദൂരെ നജദ് പ്രദേശത്തുള്ള പട്ടണമായ ഹീറയിലെ വസ്ത്രം ധരിക്കുന്നത് വിലക്കാൻ ആഗ്രഹിച്ചു. കാരണം അതിന്റെ നിറത്തിൽ മൂത്രത്തിന്റെ കലർപ്പുണ്ട്. അല്ലെങ്കിൽ അതിന് സാധ്യതയുണ്ട്. അതായത് അതിന്റെ നിറം ഉണ്ടാക്കാൻ ഏതോ മൃഗത്തിന്റെ മൂത്രം ചേർക്കാറുണ്ടത്രേ! ഏതായാലും ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഇതിനും താങ്കൾക്ക് അധികാരമില്ല. കാരണം നബി(സ)തിരുമേനി തന്നെ ഈ നിറത്തിലുള്ള വസ്ത്രം ധരിച്ചിരുന്നു. അവിടെ നിർമിക്കുന്ന വസ്ത്രം ധരിച്ചിട്ടുണ്ടായിരുന്നു. ഞങ്ങളും ധരിച്ചിട്ടുണ്ട്. നബി(സ)തിരുമേനിയുടെ കാലത്തൊനും ആക്ഷേപമുണ്ടായിട്ടില്ല. അതിനാൽ ഹദ്റത്ത് ഉമർ(റ) മൗനം പാലിച്ചു. അദ്ദേഹം പറഞ്ഞു അത് ശരിയാണ്. താങ്കൾ ശരിയാണ് പറയുന്നത്.'(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 156, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)(മുഅ്ജമുൽ ബുൽദാൻ, വാള്യം 2, പേജ് 328)(ഫിഖ അഹ്മദിയ്യാ, വാള്യം 1, പേജ് 335–336)

ഒരിക്കൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഒരു തോട്ടത്തെ സംബന്ധിച്ച് ഹദ്റത്ത് ഉമറും ഹദ്റത്ത് ഉബയ്യിനുമിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ഹദ്റത്ത് ഉബയ്യ് കരഞ്ഞുകൊണ്ടു പറഞ്ഞു: 'താങ്കളുടെ ഭരണകാലത്ത് ഇങ്ങനെയുള്ള കാര്യങ്ങളാണോ?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'എന്റെ ഉദ്ദേശ്യം അതൊന്നുമല്ല. താങ്കളാഗ്രഹിക്കുന്ന ഏത് മുസ്‌ലിമിനെ കൊണ്ടും തീരുമാനം ഉണ്ടാക്കാവുന്നതാണ്. എനിക്കും താങ്കൾക്കുമിടയിലാണ് അഭിപ്രായഭിന്നത. അതു

കൊണ്ട് ഞാൻ കൽപ്പനയൊന്നും തരുന്നില്ല. നിങ്ങൾക്ക് തീർപ്പു കൽപ്പിക്കാവുന്നതാണ്. കാരണം ഞാൻ ശരിയായ നിലപാടിലാണെന്ന് ഞാൻ കരുതുന്നു.' അപ്പോൾ ഉബയ്യ്, ഹദ്ത്ത് സയ്ദ് ബിൻ ഥാബിത്തിനോട് തീർപ്പ് ആക്കണമെന്ന് പറഞ്ഞു. ഹദ്റത്ത് ഉമർ(റ) അത് സമ്മതിച്ചു. ഹദ്റത്ത് സയ്ദിന്റെ മുന്നിൽ കേസ് വന്നു. ഇസ്ലാമിന്റെ ഖലീഫ ഹദ്റത്ത് ഉമർ(റ) ഒരു കക്ഷി എന്ന നിലയ്ക്ക് ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിന്റെ സദസ്സിൽ ഹാജരായി. ഹദ്റത്ത് ഉമറിന് ഉബയ്യിന്റെ വാദത്തോട് എതിർപുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾക്ക് ഓർമയില്ലേ. ഒന്ന്ചിന്തിച്ചുനോക്കൂ! ഹദ്റത്ത് ഉബയ്യ് കുറച്ചു നേരം ആലോചിച്ച ശേഷം പറഞ്ഞു: 'എനിക്കൊന്നും ഓർമയില്ല.' അപ്പോൾ ഹദ്റത്ത് ഉമർ എല്ലാ സംഭവവും വിവരിച്ചുകൊണ്ട് ഇന്ന കാര്യം ഇന്ന വിധത്തിലാണ് ഉണ്ടായതെന്നെല്ലാം പറഞ്ഞു. ഹദ്റത്ത് സയ്ദ്, ഹദ്റത്ത് ഉബയ്യിനോട് ചോദിച്ചു: 'താങ്കൾ ആവശ്യപ്പെടുന്ന കാര്യത്തിന് താങ്കളുടെ പക്കൽ എന്ത് തെളിവാണുള്ളത്? അദ്ദേഹം പറഞ്ഞു: 'ഒന്നുമില്ല. ഒരു തെളിവുമില്ല.' താങ്കൾ അമീറുൽ മുഅ്മിനീനോട് സത്യം ചെയ്യാൻ പറയുക (ഇവിടെ സത്യംചെയ്യാതിരിക്കാൻ എന്നാണ് എഴുതിയിട്ടുള്ളത്, സത്യം ചെയ്യാൻ എന്നാണ് വേണ്ടത്) ഹദ്റത്ത് ഉമർ(റ)പറഞ്ഞു: ഞാൻ സത്യം ചെയ്യണമെങ്കിൽ സത്യം ചെയ്യണമോ വേണ്ടയോ എന്ന കാര്യത്തിലും എനിക്ക് താമസമൊന്നുമില്ല. ഏതായിരുന്നാലും അതിൽ പിന്നീട് തീരുമാനമുണ്ടായി.' (സയ്റുസ്സ്വഹാബ വാല്യം 3, പേജ് 145–146, മക്തബ ദാറുൽ ഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) വിശുദ്ധ ഖുർആൻ ക്രോഡീകരിക്കുന്നതിന് ഖുറയ്ശികളിലേയും അൻസ്വാറിലേയും 12 ആളുകളെ തിരഞ്ഞെടുത്തു. അതിൽ ഹദ്റത്ത് ഉബയ്യുബ്നു കഅ്ബും ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തും ഉണ്ടായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 381, മക് തബ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2017)

ഹദ്റത്ത് ഉഥ്മാന്റെ കാലത്ത് വിശുദ്ധ ഖുർആനിൽ ഉച്ചാരണ വൈജാത്യം എല്ലാ സ്ഥലങ്ങളിലും സർവ്വസാധാരണമായിട്ടുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ഈ വ്യത്യാസം ഇല്ലാതാക്കാൻ ആഗ്രഹിച്ചു. അദ്ദേഹം നേരിട്ട് ഖിർഅത്ത് ചെയ്യുന്നവരെ വിളിച്ച് ഓരോരുത്തരിൽനിന്ന് വെവ്വേറെ ഖിർഅത്ത് കേൾക്കുകയുണ്ടായി. ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്, ഹദ്റത്ത് മുആദ് ബിൻ ജബൽ എന്നിവരുടെ ഉച്ചാരണത്തിലും വ്യത്യാസങ്ങൾ കാണപ്പെട്ടു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ)പറഞ്ഞു:എല്ലാ മുസ്ലിമീങ്ങൾക്കും ഖുർആന്റെ ഒരൊറ്റ ഉച്ചാരണമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഖുർആനിൽ പരിപൂർമായ പാണ്ഡിത്യമുണ്ടായിരുന്ന ഖുറയ്ശികളിലും അൻസ്വാറിലും 12 പേരെ ഹദ്റത്ത് ഉഥ്മാൻ(റ) ഈ പ്രാധാന്യപ്പെട്ട ഉത്തരവാദിത്വം ഏല്പിച്ചു. ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിനെ അവരുടെ നേതാവായി നിശ്ചയിച്ചു. അദ്ദേഹം അതായത് ഹദ്റത്ത് ഉബയ്യ് ഖുർആനിന്റെ വാക്കുകൾ പറയുകയും ഹദ്റത്ത് സയ്ദ് അത് എഴുതുകയും ചെയ്തിരുന്നു. ഇന്നുള്ള ഖുർആൻ മുഴുവനും ഹദ്റത്ത് ഉബയ്യുബ്നു കഅ്ബിന്റെ ഖിർഅത്ത് (പാരായണമുറ) അനുസരിച്ചുള്ളതാകുന്നു. (സയ്റുസ്സ്വഹാബ വാല്യം 3, പേജ് 143, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഉത്തയ്യ് ബിൻ ളംറ(റ) പറഞ്ഞു: 'ഞാൻ ഉബയ്യുബ്നു കഅ്ബിനോട് പറഞ്ഞു: 'നിങ്ങൾ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളാണ്. ഞങ്ങൾ വിദൂരസ്ഥലങ്ങളിൽനിന്ന് എന്തെങ്കിലും അറിയാനും നിങ്ങളിൽനിന്ന് എന്തെങ്കിലും സംഭവങ്ങൾ കേൾക്കാനും നിങ്ങൾ ഞങ്ങളെ എന്തെങ്കിലും പഠിപ്പിക്കണമെന്നുമുള്ള ആഗ്രഹത്താലുമാണ് ഇവിടെ വരുന്നത്. പക്ഷേ, നിങ്ങൾ ഞങ്ങളുടെ കാര്യത്തെ നിസ്സാരമായി ഗണിക്കുന്നു. അതായത് ഞങ്ങൾക്ക് നിങ്ങളുടെ മുന്നിൽ ഒരു വിലയുമില്ല. ഒരു പരിഗണനയുമില്ല. അതു കേട്ടപ്പോൾ ഉബയ്യുബ്നു കഅ്ബ് പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അടുത്ത ജുമുഅവരെ ജീവിച്ചിരിക്കുകയാണെങ്കിൽ അന്ന് ഞാൻ ഒരു കാര്യം പറയാം. അതിനുശേഷം നിങ്ങൾ എന്നെ ജീവിക്കാൻ അനുവദിക്കുകയോ വധിക്കുകയോ എന്തു ചെയ്താലും എനിക്ക് പ്രശ്നമില്ല. അങ്ങനെ ജുമുഅ ദിവസം വന്നെത്തി. ആഗതൻ പറയുന്നു: 'ഞാൻ മദീനയിലെത്തിയപ്പോൾ കാണുന്നത്, ജനങ്ങൾ വഴികളിലൂടെ കൂട്ടംകൂട്ടമായി പോകുന്നതാണ്. ഞാൻ ചോദിച്ചു: 'ജനങ്ങൾക്ക് ഇന്ന് എന്തുപറ്റി?' ഒരാൾ ചോദിച്ചു: 'നിങ്ങൾ ഈ നാട്ടുകാരനല്ലേ?' ഞാൻ പറഞ്ഞു: 'അല്ല.' അപ്പോൾ അയാൾ പറഞ്ഞു: 'ഇന്ന് മുസ്ലിമീങ്ങളുടെ നേതാവ് ഉബയ്യുബ്നു കഅ്ബ് മരണപ്പെട്ടിരിക്കുന്നു.' ആഗതൻ പറയുന്നു: 'ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! അല്ലാഹു, ഉബയ്യുബ്നു കഅ്ബിന്റേതുപോലെ ആരുടെയെങ്കിലും കാര്യം മറച്ചുവച്ചത് ഞാൻ കണ്ടിട്ടില്ല.'(ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 380, മക്തബ ദാറുൽ കുതുബുൽ ഇൽമിയ്യാ ബെയ്റുത്ത് 2017)

ആ വ്യക്തിയുടെ അതായത് ഉബയ്യുബ്നു കഅ്ബിന്റെ കാര്യം മറച്ചുവെച്ചതുപോലെ. അതായത് ഞാൻ അത് പറഞ്ഞാൽ നിങ്ങൾ എന്നോട് എന്തു ചെയ്യുമെന്ന് എനിക്ക് അറിയില്ല എന്നാണ് അദ്ദേഹം ആഗതനോട് പറഞ്ഞിട്ടുണ്ടാവുക. നിവേദകന്റെ വിവക്ഷിതം അതു തന്നെയാണെന്ന് തോന്നുന്നു. ഏതായിരുന്നാലും അല്ലാഹു വെളിപ്പെടുത്തുന്നതിൽനിന്ന് ഹദ്റത്ത് ഉബയ്യിനെ രക്ഷിച്ചു. കാരണം അദ്ദേഹം അത് സന്തോഷപൂർവ്വം പറയാൻ ആഗ്രഹിച്ചിരുന്നില്ല. ഇനി ആ വാചകം കൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്ന് അല്ലാഹുവിന് മാത്രമേ നന്നായി അറിയൂ. ഏതായിരുന്നാലും, ആഗതൻ അദ്ദേഹത്തിന്റെ വാക്കുകൾകേട്ട് പറഞ്ഞു: 'ഇന്ന് ഈ വ്യക്തിയുടെ അതായത് ഉബയ്യുബ്നു കഅ്ബിന്റെ രഹസ്യം മറച്ചുവെക്കപ്പെട്ടതുപോലെ മറ്റാരുടേയും രഹസ്യം മറച്ചുവെക്കപ്പെട്ടത് ഞാൻ കണ്ടിട്ടില്ല.'

ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്(റ) പറയുന്നു: 'ഞാൻ 8 രാത്രികൊണ്ട് വിശുദ്ധ ഖുർആൻ മുഴുവൻ ഓതിത്തീർക്കുമായിരുന്നു.'(ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 379, മക്തബ ദാറുൽ കുതുബുൽ ഇൽമിയ്യാ ബെയ്റുത്ത് 2017)

ഹദ്റത്ത് ഉബയ്യിന് നബി(സ)തിരുമേനിയോടു അടക്കാനാവാത്ത സ്നേഹമാണുണ്ടായിരുന്നത്. നബി(സ)തിരുമേനി മസ്ജിദുന്നബ്വിയിലെ തൂണുകൾക്കിടയിൽ നിന്നുകൊണ്ടാണ് ഖുത്ബ നൽകിയിരുന്നത്. പിന്നീട് നബി(സ)തിരുമേനിക്കുവേണ്ടി മിമ്പർ ഉണ്ടാക്കിയപ്പോൾ അതിൽ നിന്നുകൊണ്ട് ഖുത്ബ നൽകിത്തുടങ്ങി. അപ്പോൾ ഈ തൂണുകളിൽനിന്ന് കരയുന്ന ശബ്ദം വരാൻ തുടങ്ങി. അത് മസ്ജിദിലുണ്ടായിരുന്ന എല്ലാവരും കേട്ടിരുന്നു. നബി(സ)തിരുമേനി ആ തൂണുകൾക്ക് അടുത്തു വരികയും, തന്റെ കൈ അതിൽ വെക്കുകയും അതിനെ നെഞ്ചോട്ചേർത്തു പിടിക്കുകയും ചെയ്തപ്പോൾ ആ തടി, കുട്ടിയെപ്പോലെ കരയാൻതുടങ്ങി. അതിനെ സമാധാനമാക്കുകയും അങ്ങനെ ശബ്ദം നിലയ്ക്കുകയും ചെയ്തു. പിന്നെ മസ്ജിദ് പൊളിച്ചു മാറ്റങ്ങൾ വരുത്തിയപ്പോൾ ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്, ആ തടി എടുക്കുകയും നബി(സ)തിരുമേനി അതിൽ ചാരി നിന്നിരുന്നു എന്ന കാരണത്താൽ അത് വീട്ടിലേക്കുകൊണ്ടു പോകുകയും ചെയ്തു. പിന്നെ അത് പഴകി, ചിതലരിച്ച് പോയി. എങ്കിലും അതിനോടുള്ള സ്നേഹം കാരണം, അത് അദ്ദേഹം തന്റെ കൈയിൽ സൂക്ഷിച്ചു. ഇത് മുസ്നദ് അഹ്മദ് ബിൻ ഹമ്പലിലെ നിവേദനമാണ്. ഇതിൽ കുറച്ചുഭാഗം ബുഖാരിയിലുമുണ്ട്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് ജാബിർ ബിൻ അബ്ദുല്ലാഹ്, ഹദീഥ് നമ്പർ 14075)(സ്വഹീഹ് ബുഖാരി കിതാബുൽബുയൂഅ് ഹദീഥ് നമ്പർ 2095) (സുനൻ ഇബ്നുമാജ, കിതാബു ഇഖാമത്തുസ്സ്വലാത്ത്, ഹദീഥ് നമ്പർ 1414).(സയ്റുസ്സ്വഹാബ വാല്യം 3, പേജ് 158, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ ആറ് ഖാളിമാരുണ്ടായിരുന്നു. ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ), ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്(റ), ഹദ്റത്ത് അബൂമൂസാ അശ്അരി(റ), ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്(റ).(ഉസുദുൽഗാബ, വാല്യം 1, പേജ് 170, മക്തബ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2016)

സംറ ബിൻ ജുൻദബ്(റ) വലിയ ഉന്നതനായ സ്വഹാബിയായിരുന്നു. അദ്ദേഹം തക്ബീർ ചൊല്ലി സൂറത്ത് ചൊല്ലുന്നതിന്നിടയിൽ അല്പം സമയമെടുത്തിരുന്നു. 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് കുറേനേരം നിശബ്ദനായി നിന്നിരുന്നു. പിന്നെയാണ് സൂറഃ ഫാത്തിഹ ഓതിയിരുന്നത്. ജനങ്ങൾ അദ്ദേഹത്തെ പറ്റി പരാതി പറയാൻ തുടങ്ങി. എന്താണ് യാഥാർഥ്യം എന്നറിയാൻ അദ്ദേഹം ഹദ്റത്ത് ഉബയ്യിന് കത്തയച്ചു. ഹദ്റത്ത് ഉബയ്യ്(റ) വളരെ ചുരുങ്ങിയ ഒരു മറുപടി എഴുതി, 'താങ്കളുടെ രീതി ശരീഅത്ത് അനുസരിച്ചുള്ള കർമമാണ്. ഈ വിളംബമെടുക്കുന്നതിൽ ഒരു തെറ്റുമില്ല. ആരോപണം ഉന്നയിക്കുന്നവർ തെറ്റിലാണുള്ളത്.'(സയ്റുസ്സ്വഹാബ വാല്യം 3, പേജ് 154, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് സയ്ദ് ബിൻ സ്വൗജാന്റേയും സൽമാൻ ബിൻ റബീഅയുടേയും കൂടെ ഹദ്റത്ത് സുവയ്ദ് ബിൻ ഗഫല ഏതോ യുദ്ധത്തിൽ പോയിരുന്നു. ഉദയ്ബ് എന്ന സ്ഥലത്ത് ഒരു നാണയം കിടന്നിരുന്നു. ഉദയ്ബ്, ബനൂതമീമിന്റെ ഒരു താഴ്‌വരയും ഖാദിസിയ്യായുടേയും മുഗീസായുടേയും ഇടയിൽ വെള്ളമുള്ള സ്ഥലവുമാകുന്നു. ഇത് ഖാദിസിയ്യായിൽനിന്ന് നാലു മൈൽ ദൂരത്താകുന്നു. ഏതായിരുന്നാലും സുവയ്ദ് അതെടുത്തു. പഴയ നാണയമാണ്. അതു വലിച്ചെറിയാൻ കൂടെയുള്ളവർ പറഞ്ഞു; ഏതെങ്കിലും മുസ്ലിമിന്റേതായിരിക്കും. അദ്ദേഹം പറഞ്ഞു: 'ഇല്ല. വലിച്ചെറിയില്ല. അവിടെകിടന്നാൽ, വല്ല ചെന്നായയും അത് തിന്നും. അത് അതിന് ഭക്ഷണമാകും. അതിലും നല്ലത് അത് ഉപകാരപ്പെടുത്തുന്നതാണ്.' അതിന് കുറച്ചു ദിവസങ്ങൾക്കു ശേഷം സുവയ്ദ് ഹജ്ജ് ചെയ്യാൻ പുറപ്പെട്ടു. വഴിയിലാണ് മദീന വരുന്നത്. അദ്ദേഹം ഹദ്റത്ത് ഉബയ്യിന്റെ

## തിരുനബിയുടെ തിരുമൊഴികൾ:

**ജാബിർ ബിൻ അബ്ദില്ലാഹ്(റ)യിൽ നിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിലൊരാൾ മസ്ജിദിൽവച്ച് നമസ്കരിക്കുകയാണെങ്കിൽ അവന്റെ നമസ്കാരത്തിൽ ഒരു പങ്ക് തന്റെ വീടിനുവേണ്ടിയും സൂക്ഷിച്ചുകൊള്ളട്ടെ. നമസ്കാരം മുഖേന അവന്റെ വീട്ടിൽ അല്ലാഹു അനുഗ്രഹം ചെയ്യുന്നതാകുന്നു.' (മുസ്‌ലിം, ഹദീഥ് 375)**

ത്വാലിബെ ദുആ
K.Muhammad Safwan & Family, Ahmadiyya Jama-ath Kakkanad, Kerala

അടുക്കലെത്തി. നാണയത്തിന്റെ കാര്യം പറഞ്ഞു. ഹദ്റത്ത് ഉബയ്യ് പറഞ്ഞു: 'ഇത്തരം ഒരു സംഭവം എനിക്കുമുണ്ടായിട്ടുണ്ട്. നബി(സ)തിരുമേനിയുടെ കാലത്ത് എനിക്ക് ഇതേപോലെ നൂറ് ദിനാർ കിട്ടി.' അത് പഴയ നാണയമാണെങ്കിലും നൂറ് ദിനാർ ആണെങ്കിലും എല്ലാത്തിനും അതിന്റേതായ വിലയുണ്ട്. ഇനി നബി(സ)തിരുമേനി പറഞ്ഞത് കേൾക്കുവിൻ, ഹദ്റത്ത് ഉബയ്യ് പറയുന്നു: നബി(സ) തിരുമേനി എന്നോട് കൽപ്പിച്ചു, അതേക്കുറിച്ച് വർഷം മുഴുവൻ ജനങ്ങൾക്കിടയിൽ വിളംബരം ചെയ്യുക. വർഷം കഴിഞ്ഞപ്പോൾ പറഞ്ഞു, രൂപയുടെ എണ്ണവും അടയാളവും മറ്റും ഓർമവെക്കുക. ഒരു വർഷം ഇനി കാത്തിരിക്കുക. ആരെങ്കിലും തെളിവ് അനുസരിച്ച് അന്വേഷിച്ചെത്തിയാൽ അയാൾക്ക് കൊടുക്കുക. ഇല്ലെങ്കിൽ അത് നിങ്ങളുടെതായികഴിഞ്ഞു. (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 156, മക്തബ ദാറുൽ ഇശാഅത്ത് ഉർദുബാസാർ കറാച്ചി)

അതായത് പൂർണമായും രണ്ടു വർഷം. എന്തെങ്കിലും വസ്തു കളഞ്ഞുകിട്ടിയാൽ ഒരു വർഷം വിളംബരം ചെയ്യുക. ഒരുവർഷം അതിന്റെ അടയാളം ഓർത്തിരിക്കുക. ആരെങ്കിലും ചോദിച്ചു വന്നാൽ കൊടുക്കുക. ഒരാൾ മസ്ജിദിൽ ഏതോ നഷ്ടപ്പെട്ട സാധനത്തെപറ്റി ബഹളമുണ്ടാക്കി, എന്റെ ഇന്ന സാധനം നഷ്ടപ്പെട്ടുവെന്ന് പറഞ്ഞു വിളംബരപെടുത്തുകയായിരുന്നു. ഹദ്റത്ത് ഉബയ്യ് അതു കണ്ടപ്പോൾ ദേഷ്യപ്പെട്ടു. അയാൾ പറഞ്ഞു: 'ഞാൻ മസ്ജിദിൽ അശ്ലീലം ഒന്നും പറഞ്ഞില്ലല്ലോ?' അദ്ദേഹം പറഞ്ഞു: 'ശരിതന്നെ, പക്ഷേ ഇതും മസ്ജിദിന്റെ മര്യാദക്ക് വിരുദ്ധമാകുന്നു. അതായത് ഇവിടെ ഭൗതിക സാധനങ്ങൾ സംബന്ധിച്ച് വിളംബരം പാടില്ല. (സയ്റുസ്സ്വഹാബ വാള്യം 3, പേജ് 157, മക്തബ ദാറുൽഇശാഅത്ത് ഉർദുബാസാർ കറാച്ചി)

ഹദ്റത്ത് ഉബയ്യ് വഫാത്തായ വർഷത്തെ പറ്റി വിവിധ നിവേദനങ്ങളുണ്ട്. ഒരു നിവേദനപ്രകാരം ഹദ്റത്ത് ഉബയ്യ്, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 22-ലാണ് വഫാത്തായത്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉഥ് മാന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 30-ലാണ് വഫാത്തായത്. ഇതാണ് കൂടുതൽശരിയായ നി വേദനം. കാരണം ഹദ്റത്ത് ഉഥ്മാൻ(റ), ഖുർആൻ ക്രോഡീകരണത്തിന്റെ ഉത്തരവാദിത്വം ഹദ്റത്ത് ഉബയ്യിനെയാണ് ഏൽപ്പിച്ചിരുന്നത്.(ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 381, മക്തബ ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017) (അൽഇസ്വാബ, വാള്യം 1, പേജ് 35-36, മക്തബ ദാറുൽഫിക്ർ, ബെയ്റുത്ത് 2001) ഹദ്റത്ത് ഉബയ്യിന്റെ മക്കൾ ത്വുഫയ്ലും മുഹമ്മദും ആകുന്നു. ഈ കുട്ടികളുടെ മാതാവിന്റെ പേര് ഉമ്മു ത്വുഫയ്ൽ ബിൻത് ത്വുഫയ്ൽ എന്നായിരുന്നു. അവർ ദൗസ്ഗോത്രക്കാരിയായിരുന്നു. ഹദ്റത്ത് ഉബയ്യിന്റെ ഒരു മകളുടെ പേര് ഉമ്മു അംറ് എന്നു പറയപ്പെട്ടിരിക്കുന്നു. (ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 378, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017) ഈ സംഭവങ്ങൾ ഇവിടെ അവസാനിക്കുകയാണ്.

(വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി ടൈപ്സെറ്റിംഗ്: ഹാശിംഅശ്റഫ്, ആലപ്പുഴ)

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 2ൽനിന്ന്)**

രൂപയോളം വിലവരുന്ന എന്റെ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളും അയാൾക്കു നല്കുന്നതായിരിക്കും. അല്ലെങ്കിൽ അയാൾ ഏതുരീതിയിൽ ഇഷ്ടപ്പെടുന്നുവോ അതേ രീതിയിൽ പിഴ ഒടുക്കി അയാൾക്ക് തൃപ്തി വരുത്തുന്നതായിരിക്കും. ഏകനായ എന്റെ ദൈവം സാക്ഷി, ഞാനൊരിക്കലും ഇതിൽ വ്യത്യാസം കാണിക്കുകയില്ല. വധശിക്ഷയാണെങ്കിൽത്തന്നെയും ഹൃദയാത്മനാ സ്വീകരിക്കുന്നതായിരിക്കും. ഞാൻ ആത്മാർഥമായി പറയുകയാണ്, ഞാൻ പറയുന്നത് സത്യമാണെന്ന് അല്ലാഹു അറിയുന്നവനാണ് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഞാൻ ഈ മുന്നോട്ടുവെക്കുന്ന പദ്ധതിയിൽ വിശ്വാസമില്ലെങ്കിൽ അവർ തന്നെ ഏതെങ്കിലും പദ്ധതി മുന്നോട്ടു വെക്കട്ടെ. ഞാനത് സ്വീകരിക്കുന്നതായിരിക്കും. ഞാനൊരു ഒഴികഴിവും പറയുകയില്ല. ഞാൻ കള്ളവാദിയാണെങ്കിൽ എന്തെങ്കിലും അതിദാരുണമായ ശിക്ഷകൊണ്ട് നശിപ്പിക്കപ്പെടുന്നതായിരിക്കും ഉത്തമം. ഇനി ഞാൻ സത്യവാദിയാണെങ്കിൽ ഞാനാഗ്രഹിക്കുന്നത് നശിപ്പിക്കപ്പെട്ടയാൾ എന്റെ കൈയിൽനിന്ന് രക്ഷപ്പെടട്ടെ! അല്ലയോ പാതിരിമാരേ! നിങ്ങളുടെ ജനതയിൽ ആദരണീയരും ബഹുമാന്യരുമായ ആരെങ്കിലുമുണ്ടെങ്കിൽ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ പറയുന്നു, അവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കട്ടെ. നിങ്ങളുടെ മനസ്സുകളിൽ അല്പമെങ്കിലും ആ സത്യവാനായ യേശുവിനോടു സ്നേഹമുണ്ടെങ്കിൽ ഞാൻ നിങ്ങളോടു സത്യം ചെയ്തു പറയുന്നു, നിർബന്ധമായും എനിക്കെതിരിൽ എഴുന്നേറ്റു നില്ക്കുക. മിശിഹായെ മർയം സിദ്ദീഖയുടെ വയറ്റിൽ ജനിപ്പിച്ച ആ ദൈവത്തെക്കൊണ്ടു സത്യം! ഇഞ്ചീൽ ഇറക്കിയ ദൈവത്തെക്കൊണ്ടു സത്യം! മിശിഹായ്ക്ക് വഫാത്ത് നല്കി പിന്നീട് മരിച്ചവരിൽ വെക്കാതെ തന്റെ ജീവനുളളവരുടെ സംഘത്തിൽ, ഇബ്റാഹീമിന്റേയും മൂസായുടേയും യഹ്യായുടേയും മറ്റുള്ളവരുടേയും ഒപ്പം ചേർത്തവെച്ച ദൈവത്തെക്കൊണ്ടു സത്യം!ജീവിപ്പിച്ച് അവരുടെ അടുത്ത് ആകാശത്തിൽ വിളിപ്പിച്ച, അവർ ആദ്യമെ അവരിൽനി ന്ന് ജീവിപ്പിക്കപ്പെട്ടവരായിരുന്നു നിങ്ങൾ എനിക്കെതിരിൽ നിർബന്ധമായും എഴുന്നേറ്റു നില്ക്കുക! സത്യം നിങ്ങളുടെ കൂടെയാണെങ്കിൽ, യഥാർഥത്തിൽ മിശിഹാ ദൈവമാണെങ്കിൽ നിങ്ങൾക്കു തന്നെയായിരിക്കും വിജയം! ഇനി അദ്ദേഹം ദൈവമല്ലെങ്കിൽ വിനീതനും നിരാശ്രയനുമായ മനുഷ്യനാണെങ്കിൽ സത്യം ഇസ്‌ലാമിനോടൊപ്പമാണെങ്കിൽ അല്ലാഹു എന്നെയായിരിക്കും കേൾക്കുക. എന്റെ കൈയാൽ അക്കാര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. അതിനെതിരിൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. നിങ്ങൾ മത്സരത്തിനില്ലെന്നാണ് പറയുന്നതെങ്കിൽ, വിശ്വാസികളുടേതായ അടയാളമൊന്നും നിങ്ങളിൽ ഇല്ലെന്നാണ് പറയുന്നതെങ്കിൽ വരിക, ഇസ്‌ലാം സ്വീകരിക്കുമെന്ന നിബന്ധനയിൽ ഏകപക്ഷീയമായ നിലയിൽ ദൈവത്തിന്റെ പ്രവൃത്തി നോക്കിപ്പാർക്കുക. നിങ്ങളിൽനിന്നുള്ള പേരുകേട്ടവരും നേതാക്കന്മാരും സ്വന്തം ജനതയിൽ ആദരണീയരായി എണ്ണപ്പെടുന്നവരുമായവരിൽനിന്ന് അവരെല്ലാവരുമോ ഒരാളോ എനിക്കെതിരെ മത്സരിക്കാൻ വരിക! മത്സരത്തിൽ പരാജയപ്പെടുകയാണെങ്കിൽ, സ്വന്തം നിലയിൽ 'മനുഷ്യകരങ്ങൾക്കതീതമായ പ്രവൃത്തികണ്ട് വിശ്വസിക്കുന്നതായിരിക്കുമെന്നും ഇസ്‌ലാം സ്വീകരിക്കുന്നതായിരിക്കും എന്ന് വാഗ്ദാനം ചെയ്ത് എന്നോടു എന്തെങ്കിലും ദൃഷ്ടാന്തം കാണിക്കാൻ ആവശ്യപ്പെടുക. തന്റെ വാഗ്ദാനത്തെ ഉറപ്പിക്കുന്നതിനുവേണ്ടി നാലു ക്രിസ്ത്യാനിയും നാലു ഹിന്ദുവും നാലു മുസ്‌ലിമും ദൃഢമായി സത്യം ചെയ്ത് വിജ്ഞാപനം പ്രസിദ്ധീകരിക്കുക. ഒരു വിജ്ഞാപനം എനിക്കും അയച്ചുതരിക. അല്ലാഹു മനുഷ്യകരങ്ങൾക്കതീതമായ ഏതെങ്കിലും തരത്തിലുള്ള ദൃഷ്ടാന്തം കാണിക്കുകയാണെങ്കിൽ ഒട്ടും അമാന്തിക്കാതെ ഇസ്‌ലാം സ്വീകരിക്കുക. ഇനി സ്വീകരിക്കുന്നില്ലെങ്കിൽ രണ്ടാമത്തെ അടയാളമിതാണ്, ഒരു വർഷത്തിനുള്ളിൽ അത്തരം വ്യക്തിയുടെമേൽ എന്തെങ്കിലും കഠിനമായ ശിക്ഷ ഇറക്കാൻ ഞാനെന്റെ ദൈവത്തോടു തേടുന്നതായിരിക്കും; കുഷ്ഠമോ അന്ധതയോ മരണമോ! ഈ പ്രാർഥന സ്വീകാര്യമല്ലെങ്കിൽ വീണ്ടും ഞാൻ തീരുമാനിക്കുന്ന പിഴയുടെ ശിക്ഷക്ക് അർഹനായിരിക്കും. ഈ നിബന്ധന തന്നെയാണ് ആര്യസ്നേഹിതന്മാരോടും പറയാനുള്ളത്. അവർ തങ്ങളുടെ വേദം ദൈവത്തിൽനിന്നുള്ളതാണെന്നും നമ്മുടെ വിശുദ്ധ ഖുർആൻ ദൈവത്തിൽ നിന്നുള്ളതല്ലെന്നും കറ്റുകെട്ടി ഉണ്ടാക്കിയതാണെന്നും വിശ്വസിക്കുന്നുവെങ്കിൽ ഈ മത്സരത്തിന് അവർ മൈതാനിയിലേക്ക് വരിക. എന്നാൽ, ഓർമിച്ചുകൊള്ളുവിൻ! അവർ മത്സര നേരത്ത് അങ്ങേയറ്റം നിന്ദ്യരാകും. അവരിൽ നിരീശ്വരത്വത്തിന്റേയും നിയന്ത്രണമില്ലായ്മയുടേയും സൂത്രങ്ങൾ വളരെ കൂടുതലാണ്. എന്നാൽ, താനുണ്ടെന്ന് അല്ലാഹു അവരിൽ സ്ഥാപിക്കുന്നതായിരിക്കും. ഇനി മത്സരത്തിനില്ലെങ്കിൽ ഏകപക്ഷീയമായ അടയാളം ഒരു വിധ നിബന്ധനയുമില്ലാതെ എന്നിൽനിന്ന് കണ്ടുകൊള്ളുക. എന്റെ ദൃഷ്ടാന്തം അല്ലാഹുവിൽ നിന്നുള്ളതാണെന്നതിന് ഇതു മതിയായതാണ്. ദൃഷ്ടാന്തം കണ്ട ഏതെങ്കിലും ആര്യ സമാജക്കാരൻ താമസംകൂടാതെ മുസ്‌ലിമാകുന്നില്ലെങ്കിൽ ഞാൻ അയാൾക്കെതിരിൽ ശാപപ്രാർഥന ചെയ്യുന്നതായിരിക്കും. അവൻ ഒരു വർഷത്തിനുള്ളിൽ കുഷ്ഠമോ അന്ധതയോ മരണമോ ആയ നാശത്തിൽ അകപ്പെടുന്നില്ലെങ്കിൽ ഏതു ശിക്ഷയും ഏല്ക്കാൻ ഞാൻ തയ്യാറാണ്. മറ്റുള്ളവർക്കുള്ള നിബന്ധനയും ഇതുതന്നെ. ഇനിയും എന്നിലേക്ക് മുഖം തിരിക്കുന്നില്ലെങ്കിൽ അവരിൽ അല്ലാഹുവിന്റെ തെളിവ് പൂർത്തിയായി കഴിഞ്ഞിരിക്കുന്നു.'**(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 272-278)(മൻസ്വൂർ അഹ്മദ് മസ്റൂർ)**

---

**(പേജ് 1ൽനിന്ന്)**

എല്ലാ ജോലികളിലും അത്തരം വഴിയിൽ അന്വേഷിക്കുന്നതിൽ അവന്റെ എല്ലാ കഴിവും ചെലവഴിക്കപ്പെടും. ആരാണോ തന്റെ ജോലികളിൽ ഈ നിയമങ്ങൾ മുന്നിൽ വെക്കുന്നത്

(1) എന്റെ എല്ലാ ജോലിയും അനുവദനീയ മാർഗത്തിലൂടെയായിരിക്കണം

(2) ഞാനേതെങ്കിലും ഒരു സ്ഥാനത്തെത്തിയിട്ട് എനിക്ക് തൃപ്തി വരാതിരുന്നാൽ, അതിരറ്റ അഭിവൃദ്ധിയുടെ ആഗ്രഹം എന്റെ മനസ്സിൽ അവശേഷിക്കണം

(3) എന്റെ സമയം പാഴാകരുത് പ്രത്യുത ഏറ്റവും ചെറിയ സമയംകൊണ്ട് എല്ലാ ജോലിയും ചെയ്തു തീർക്കണം.

അങ്ങനെയുള്ളവന്റെ ഉദ്ദേശ്യങ്ങളുടെ ഉന്നതിയിലും അവന്റെ കർമങ്ങളുടെ ശരിയിലും അവന്റെ അധ്വാനത്തിന്റെ കൃത്യതയിലും എന്ത് സംശയിക്കാനാണ്.

ഞാൻ മനസ്സിലാക്കുന്നത് മുസ്‌ലിമീങ്ങൾ ഈ ദുആ ആത്മാർഥതയോടെ ചെയ്തുകൊണ്ടിരിക്കുകയും തങ്ങളുടെ ഉദ്ദേശ്യങ്ങൾ ഓർമവെക്കുകയും ചെയ്താൽ ദുആയുടെ ഫലമെന്തായാലും ഉണ്ടാകുകതന്നെചെയ്യും അതിന്റെ സ്വാധീനം സ്വാഭാവികമായ നിലയിൽ മുസ്‌ലിമീങ്ങളുടെ ബുദ്ധിയിലും ഉണ്ടാകുന്നതായിരിക്കും. അതും വിലകുറഞ്ഞതാകുകയില്ല.**(തഫ്സീറെ കബീർ വാള്യം 1, പേജ് 33, പ്രസാധകർ ഖാദിയാൻ 2010)**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ഒക്ടോബർ

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2015 ഒക്ടോബർ 16 ശനിയാഴ്ച:

(തുടർച്ച)

5. സേക്ഫ്രേഡാ യഹ്റൻഫ്രേഡ് ഹൈലത്തിന്റെ മകൾ പുതു അഹ്മദിയായ അസീസ ട്രേസ പാൽ സാഹിബയുടെ നിക്കാഹ് മൻസ്വൂർ അഹ്മദ് പാൽ സാഹിബിന്റെ മകൻ അസീസം ശാഫിഅ് അഹ്മദ് പാൽ സാഹിബുമായി നടന്നു.

6. മുഖ്താർ അഹ്മദ് സാഹിബിന്റെ മകൾ അസീസ അദൻ മുഖ്താർ വറക് സാഹിബയുടെ നിക്കാഹ്, മുഹമ്മദ് അഫ്ളൽ സാഹിബിന്റെ മകൻ അസീസം അൻസ്വർ അഹ്മദ് അഫ്ളൽ സാഹിബുമായി നടന്നു.

നിക്കാഹ് വിളംബരത്തിനുശേഷം ഹുദൂർ ദുആയ്ക്ക് നേതൃത്വം നല്കി. വാത്സല്യപൂർവം ഇരു വിഭാഗക്കാർക്കും ഹസ്തദാനം നല്കി. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി.

മസ്ജിദ് മുബാറക്ക് (ഫ്ളോർസ്റ്റഡ്റ്റ് ജർമനി)ശിലാകർമ വേളയിൽ ഹുദൂർ ചെയ്ത് പ്രഭാഷണം അതിഥികളിൽ അഗാധമായി സ്വാധീനം സൃഷ്ടിച്ചു. വളരെയധികം അതിഥികൾക്ക് സ്വന്തം ഹൃദയവികാരങ്ങളും അനുഭവങ്ങളും പ്രകടിപ്പിക്കാതിരിക്കാൻ കഴിഞ്ഞില്ല.

❋മിസിസ് സിൻക സാഹിബ(Mrs Zinca) തന്റെ ഭർത്താവ് മാർക്ക്(Mark) സാഹിബിനോടൊപ്പമാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. അവർ പറയുന്നു: 'ഇന്നത്തെ പരിപാടി എല്ലാ തലത്തിലും എനിക്ക് ഇഷ്ടമായി. പ്രത്യേകിച്ചും ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ഗംഭീരമായിരുന്നു. ഞാൻ ഇസ്‌ലാമിനെ സംബന്ധിച്ച് വളരെയധികം അന്വേഷണത്തിലായിരുന്നു. ഇസ്‌ലാം കേവലം നന്മയുടെ പേരാണെന്ന് ഇന്നെനിക്ക് മനസ്സിലായി.'

❋മിസിസ് സിൻകയുടെ ഭർത്താവ് പറയുന്നു: 'ഇന്ന് നിങ്ങളുടെ ഖലീഫ എന്തൊക്കെയാണ് ഏത് തരത്തിലുള്ള കാര്യങ്ങളാണ് സംസാരിക്കുന്നതെന്നറിയാൻ എനിക്ക് വളരെ താൽപര്യമുണ്ടായിരുന്നു. എന്നാൽ, ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ശ്രവിച്ചതിനുശേഷം ഞാൻ ഖലീഫയുടെ ഓരോ കാര്യത്തിനോടും യോജിക്കുന്നു എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. മസ്ജിദുകൾ സമാധാനത്തിന്റെ ഗേഹമാണെന്ന് ഇന്നെനിക്ക് മനസ്സിലായി. എന്ന് മാത്രമല്ല, ഖലീഫത്തുൽമസീഹ് തന്റെ പ്രഭാഷണത്തിൽ പറഞ്ഞ കാര്യങ്ങൾ സമാധാനത്തെ കുറിച്ചായിരുന്നു. ജനങ്ങൾ പരസ്പരം ഭയപ്പെടുന്നതിനുപകരം പരസ്പരം വിശ്വാസമുള്ളവരായിത്തീരണം. ഖലീഫത്തുൽ മസീഹിന്റെ ഇക്കാര്യങ്ങൾ കേട്ടപ്പോൾ എന്റെയുള്ളിൽ ഈ മസ്ജിദിനെ സംബന്ധിച്ച് ഒരു തരത്തിലുള്ള ഭീതിയും നിലനില്ക്കുന്നില്ല.

❋ മസ്ജിദിന്റെ അയൽവാസിയായ ഒരു യുവാവ് മിസ്റ്റർ ജെൻസ് (Mr.Jens) പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ വായിൽനിന്നു പുറത്തു വന്ന ഓരോ വാക്കും എന്റെ മനസ്സിൽ അഗാധമായ സ്വാധീനം ചെലുത്തി. ഞാൻ പല പാതിരിമാരെ കണ്ടിട്ടുള്ള വ്യക്തിയാണ്. എന്നാൽ, ഈ പാതിരിമാർക്ക് ഘടകവിരുദ്ധമായി നിങ്ങളുടെ ഖലീഫ എന്നിൽ വളരെ ആകർഷിതനായി. ഖലീഫത്തുൽ മസീഹ് ഒരു തുറന്ന മനസ്സിന്റെ ഉടമയാണ്. എല്ലാ തരത്തിലുള്ള ജനങ്ങൾക്കും വേണ്ടി ക്ഷമ പുലർത്തുന്നു. എന്നാൽ, മറുഭാഗത്ത് ഞാൻ കണ്ടിട്ടുള്ള പാതിരിമാർ നല്ലൊരളവോളം തീവ്രസ്വഭാവക്കാരാണ്. നിസ്സംശയം മതത്തിന് നിങ്ങളുടെ ഖലീഫയെ പോലെയുള്ള വ്യക്തികളുടെ ആവശ്യമുണ്ട്. നിങ്ങളുടെ ഖലീഫയുടെ ഭാഗത്തു നിന്ന് നല്കപ്പെട്ട സന്ദേശത്തിന്റെ ആവശ്യമുണ്ട്. ഇവിടെ എത്തിയതിൽ സന്തോഷം അനുഭവിക്കുന്നതിനോടൊപ്പം ഞാൻ വിസ്മയത്തിലുമാണ്. ഇപ്പോൾ എനിക്കുള്ള ഭയം എല്ലാ മുസ്‌ലിമീങ്ങളും നിങ്ങളുടെ ഖലീഫയെപ്പോലെയല്ല എന്നതു മാത്രമാണ്. എന്നാൽ, അഹ്മദികൾ സമാധാന കാംക്ഷികളാണെന്നതിൽ ഞാൻ സംതൃപ്തനാണ്.

❋ഒരു സ്നേഹിതൻ ഗബ്ബി സാഹിബ്(Gabby) പറയുന്നു: ഞാൻ നിരീശ്വരവാദിയും മതവിരോധിയുമാണ്. എന്നാൽ, നിങ്ങളുടെ ഖലീഫ നാനാ തുറയിലുള്ള ജനതയോടും സഹിഷ്ണുത പുലർത്തുന്നതായി ഇന്ന് തെളിയിച്ചിരിക്കുന്നു. അവരുടെ കർമം മുഖേന ഇസ്‌ലാം സഹിഷ്ണുതയുടെ മതമാണെന്ന് തെളിഞ്ഞിരിക്കുന്നു. നമ്മൾ സ്വന്തം വിദ്വേഷങ്ങളും ഏറ്റുമുട്ടലുകളും അവസാനിപ്പിക്കേണ്ടതുണ്ട് എന്നതായിരുന്നു ഖലീഫത്തുൽ മസീഹിന്റെ സന്ദേശം. ഖലീഫത്തുൽ മസീഹ് വിവരിച്ച കാര്യങ്ങളെല്ലാം ഇന്നിന്റെ ആവശ്യമാണെന്നത് എനിക്ക് നിരാകരിക്കാൻ കഴിയില്ല.

❋മറ്റൊരു ജർമൻ സ്നേഹിതൻ വോൾഫ്ഗാംഗ് പിന്റർ(Wolfgang Pinder) സാഹിബ് പറയുന്നു: 'വളരെ വിശാലമനസ്കനായ വ്യക്തിത്വം എന്ന് മാത്രമേ നിങ്ങളുടെ ഖലീഫയെ കുറിച്ച് എനിക്ക് പറയാനുള്ളൂ. ഈ വാക്കുകളിൽ എനിക്ക് ഒരു വിമർശനവുമില്ല. നിങ്ങളുടെ ഖലീഫ ഒരു തുറന്ന പുസ്തകത്തെ പോലെയാണ്. ഇതേ ഗുണമാണ് നിങ്ങളുടെ ജമാഅത്തിന്റേതും.'

❋ ഒരു മഹിള കൗൺസിലർ മിസിസ് സിൽക്ക സുസാന്നെ(Mrs.Silka Susanne) സാഹിബ പറയുന്നു: 'നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണത്തിൽ ഒരു പുതുമയുണ്ട്. ഖലീഫത്തുൽ മസീഹ് വളരെ വിശാലഹൃദയനായ വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ ഓരോ കാര്യത്തോടും ഞാൻ യോജിക്കുന്നു. എന്നാലിപ്പോൾ ജനങ്ങൾ ഖലീഫത്തുൽമസീഹിന്റെ വക്കുകൾക്കനുസരിച്ച് പ്രവർത്തിക്കുകയാണ് അനിവാര്യമായിട്ടുള്ളത്. ഖലീഫത്തുൽ മസീഹിന്റെ മാർഗദർശനം അനുസരിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ നമുക്ക് പുരോഗതി കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ.

❋ഒരു മഹിള മിസ് റോസൻ കോണി സാഹിബ (Miss Rosen Connie)പറയുന്നു: 'ഖലീഫത്തുൽ മസീഹ് വിവരിച്ച കാര്യങ്ങളുടെ ശക്തമായ ആവശ്യകത നിലനില്ക്കുന്നു. ഇന്ന് ലോകം ഭിന്നിപ്പിന്റെ വക്കിലാണ്.എന്നാൽ, ഖലീഫത്തുൽമസീഹിന്റെ സന്ദേശം നമ്മെ എല്ലാവരേയും ഒരുമിപ്പിച്ച് കൂട്ടുന്നതാണ്. കേവലം മുസ്‌ലിമീങ്ങൾ മാത്രമല്ല, മറിച്ച് ക്രിസ്ത്യാനികളും യഹൂദരും മറ്റെല്ലാവരും ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ കേൾക്കേണ്ടതാണ്. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം കേട്ടപ്പോൾ ഇസ്‌ലാമിനെ സംബന്ധിച്ച് എന്റെയുള്ളിലുണ്ടായിരുന്ന നിഷേധാത്മക വീക്ഷണങ്ങളെല്ലാം അപ്പാടെ മാറിപോയി.'

❋ ഒരു സ്നേഹിതൻ ലാഴ്സ് ഫോസ്സൈസെറ്റ് സാഹിബ്(Lars Fausiseit) പറയുന്നു: 'ഖലീഫത്തുൽ മസീഹിനെ കണ്ടപ്പോൾ, അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചപ്പോൾ, കണ്ണുകൾ ഈറനണിഞ്ഞു. അദ്ദേഹത്തെ ഒരു നോക്ക് കാണുമ്പോൾതന്നെ മനസ്സിലാകുന്നുണ്ട് അദ്ദേഹം ഒരു സത്യവാനായ മനുഷ്യനാണെന്ന്. അദ്ദേഹത്തിന്റെ വായിൽനിന്നു നിർഗളിച്ച ഓരോ കാര്യവും സത്യമായിരുന്നു. എനിക്ക് ഇത് വളരെയധികം വിസ്മയിപ്പിക്കുന്നതും സ്വാധീനം ഉളവാക്കുന്നതുമായ അനുഭവമായിരുന്നു.'

❋ ഒരു ജർമൻ സ്നേഹിതൻ ബിജോൺ ബോൺ (Bjorn Born) പറയുന്നു: ഖലീഫത്തുൽ മസീഹ് വിവരിച്ച കാര്യങ്ങളെല്ലാം എനിക്ക് പുതിയതായിരുന്നു. വളരെ സരളമായ വാക്കുകളിൽ അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചു. എല്ലാവർക്കും അദ്ദേഹത്തിന്റെ സന്ദേശം മനസ്സിലാക്കുന്നതിന് ഇത് സാധിച്ചു. എനിക്ക് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം കേട്ടപ്പോൾ ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് മനസ്സിലായി.

❋ഒരു മഹിള മെലിന ക്രൾ (Melina Krull) സാഹിബ പറയുന്നു: 'ഖലീഫത്തുൽ മസീഹ് വളരെ വിശദമായി ഇസ്‌ലാമിനെ കുറിച്ചും സമാധാനത്തെ കുറിച്ചും മനസ്സിലാക്കി തന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽ വളരെയധികം സുന്ദരമായ പോയന്റുകൾ വിശദീകരിക്കപ്പെട്ടു.അടിസ്ഥാനപരമായ കാര്യം നാമെല്ലാവരും ഏകദൈവത്തിൽത്തന്നെ ദൃഢമായും വിശ്വസിക്കുന്നു എന്നതാണ്. എല്ലാ മതങ്ങളുടേയും ഇടയിൽ ചില സമ്മിശ്ര മൂല്യങ്ങളുണ്ട്. നിശ്ചയമായും ഖലീഫത്തുൽ മസീഹ് മനുഷ്യകുലത്തെ ഒന്നിപ്പിക്കാനായാണ് പ്രവർത്തിക്കുന്നത്.

❋ ഒരു സ്നേഹിതന് ജോർഗ് പ്ഫാനോഫ് (Jorg Pffanof) സാഹിബ് പറയുന്നു: 'എനിക്ക് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽ നിന്ന് അതിരറ്റ ആനന്ദമുണ്ടായി. ഇന്നെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം മുസ്‌ലിമീങ്ങൾ നമ്മേപ്പോലെയുള്ളവരാണെന്നാണ്. നമ്മൾ മനുഷ്യരാണെന്നതു പോലെ മുസ്‌ലിമീങ്ങളും മനുഷ്യരാണ്. നമ്മൾ മാന്യന്മാരാണെന്നതുപോലെ മുസ്‌ലിമീങ്ങളും മാന്യന്മാരാണ്. ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യം ഒരു വിസ്മയിപ്പിക്കുന്ന അനുഭവമാണ്. പോപ്പിനേയോ ചാൻസലർ മെർക്കലിനെ(Merkel) യോ കാണുന്നതു പോലെ തോന്നുന്നു.

❋ ഒരു പത്ര പ്രവർത്തകൻ സ്റ്റെഫാൻ(Stefan) പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം വളരെ സ്വാധീനം ഉളവാക്കുന്നതായിരുന്നു. ഖലീഫയുടെ വ്യക്തിത്വത്തിൽ ഒരു തരത്തിലുള്ള ആദരയുക്തമായ ഭയം നിലനിന്നിരുന്നു. ഞാൻ ഖലീഫയുടെ ഓരോ വാക്കും ശ്രദ്ധിച്ചു. ഇനി ഞാനദ്ദേഹത്തെ കുറിച്ച് എഴുതുന്നതാണ്. പ്രത്യക്ഷമായ ശാന്തിയോടെയും സഹവർത്തിത്വത്തോടെയും നാമെല്ലാവരും പ്രവർത്തിക്കണമെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കേന്ദ്രീകൃത വിഷയം. ഇസ്‌ലാം എന്താണെന്നും ഇസ്‌ലാമിൽ മസ്ജിദിനെ കുറിച്ചുള്ള വീക്ഷണം എന്താണെന്നും ഇന്നെനിക്ക് മനസ്സിലായി.

❋ ഒരു സ്നേഹിതൻ വിൽക്കാനിംഗ് (Wilkaning) സാഹിബ് പറയുന്നു: ഞാൻ കുറേ വർഷങ്ങളായി നിങ്ങളുടെ ഖലീഫയെ പോലെയുള്ള ഒരു വ്യക്തിത്വത്തിന്റെ അന്വേഷണത്തിലായിരുന്നു. എന്നു മാത്രമല്ല, എന്റയുള്ളിൽ ഇത്തരത്തിലുള്ള ഒരു ശാന്തഗംഭീരവ്യക്തിയെ കാണണമെന്നുള്ള പ്രത്യേകവികാരം അലയടിച്ചിരുന്നു. ഞാൻ അന്വേഷിച്ചു നടന്നയാളെ ഇന്നെനിക്ക് ലഭിച്ചു. ഇത്ര മഹനീയമായ വ്യക്തിത്വത്തെയാണ് ഞാൻ ഇന്ന് കാണാൻ പോകുന്നതെന്ന് എന്റെ ഭാവനയിൽ പോലും ഇല്ലായിരുന്നു. നമ്മൾ പരസ്പരമുള്ള കടമകൾ ശ്രദ്ധയിൽ വെക്കണമെന്ന മഹത്തായ സന്ദേശമാണ് ഖലീഫത്തുൽ മസീഹ് നല്കിയത്. ഈ സന്ദേശം ലോകത്തിന്റെ ഓരോ കോണിലും എത്തിക്കേണ്ടതുണ്ട്.

❋ രണ്ടാഴ്ച മുമ്പേ ഇസ്‌ലാം സ്വീകരിച്ച മറ്റൊരു ജർമൻ സ്നേഹിതൻ ലാർസ്(lars) സാഹിബ് പറയുന്നു: 'രണ്ടാഴ്ച മുമ്പേ മാത്രമാണ് ഞാൻ ഇസ്‌ലാം സ്വീകരിച്ചത്. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം വളരെ വിസ്മയിപ്പിക്കുന്നതാണ്. ഞാൻ ഖലീഫത്തുൽ മസീഹ് പറഞ്ഞ കാര്യങ്ങളെ കുറിച്ച് കൂടുതൽ ചിന്തിക്കുന്നതാണ്. നമ്മൾ നമ്മുടെയുള്ളിൽ സഹിഷ്ണുത വളർത്തേണ്ടതുണ്ടെന്ന് ഖലീഫത്തുൽ മസീഹ് പറഞ്ഞു. ഇസ്

ലാം സ്വീകരിച്ച കാരണത്താൽ എന്റെ കുടുംബം എനിക്കെതിരായി. എന്നാൽ ഖലീഫത്തുൽ മസീഹ് പറഞ്ഞതുപോലെ നമ്മൾ നമ്മുടെയുള്ളിൽ സഹിഷ്ണുത സൃഷ്ടിക്കേണ്ടതുണ്ട്. അതുകൊണ്ട് ഞാനെന്റെ കുടുംബത്തോട് ഹൃദയാത്മനാ കൂടുതൽ ആർദ്രത കാണിക്കുന്നതായിരിക്കും. നാമെല്ലാവരും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണെന്നും ഖലീഫ വ്യക്തമാക്കി. ഈ ദിവസത്തെ എനിക്കൊരിക്കലും മറക്കാൻ കഴിയില്ല.

❋ ഒരു ദമ്പതികൾ അവിടെ ഇരുന്ന് പർദയെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. ഭാര്യ ചോദിച്ചു: 'ഇവിടെ സ്ത്രീകളില്ലാത്തതെന്തുകൊണ്ടാണ്?'

ഹുദൂറിന്റെ പ്രഭാഷണത്തിൽ പർദയുടെ ലക്ഷ്യം വ്യക്തമാക്കപ്പെടുകയും പാശ്ചാത്യലോകത്ത് സ്ത്രീകൾക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം ഉപരിപ്ലവമാണെന്ന പരാമർശവുമുണ്ടായി. ഇത് ശരിയായ സ്വാതന്ത്ര്യമല്ലെന്നും സൂചിപ്പിച്ചു. ഈ പ്രഭാഷണം കേട്ടതിന്നുശേഷം ആ സ്ത്രീ പറഞ്ഞു: ഹുദൂർ മനസ്സിലാക്കിത്തന്ന പർദയുടെ തത്വത്തിലാണ് സ്ത്രീയുടെ മഹത്വം സ്ഥിതി ചെയ്യുന്നത്. ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചതിനുശേഷം സമ്പൂർണ സമാധാനം അനുഭവിക്കുന്നു.

❋ ഹുദൂറിന്റെ പ്രഭാഷണത്തിന്നുശേഷം ഒരു അതിഥി പറഞ്ഞു: ഇവിടെ വന്നതിൽ വളരെ സന്തോഷമുണ്ട്. ക്രിസ്തുമതമാകട്ടെ മൃതമായ മതമാണ്. കേവലം ഉപരിപ്ലവമായ കാര്യങ്ങൾ മാത്രമേയുള്ളൂ. ഒരാത്മാവുമില്ല. എന്നാലിവിടെ എനിക്ക് ജീവനുള്ള മതത്തെ കാണാൻ കഴിഞ്ഞു. ഹുദൂർ തന്റെ പ്രഭാഷണത്തിൽ ആഫ്രിക്കയിലെ അവസ്ഥ വിവരിച്ചുകൊണ്ട് അവിടെ കുടിക്കാനുള്ള വെള്ളം പോലും ഇല്ലാത്തതിനെകുറിച്ചും ജമാഅത്ത് അവിടെ ചെയ്യുന്ന സേവനങ്ങളെ കുറിച്ചും സൂചിപ്പിച്ചിരുന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന ഒരു സ്ത്രീ തന്റെ 8 വയസ്സ് പ്രായമുള്ള കുട്ടിയുടെ ചെവിയിൽ പറഞ്ഞു: 'വെള്ളം ഒരിക്കലും നഷ്ടപ്പെടുത്തരുത്.' തുടർന്ന് അവർ തന്റെ മറ്റു കുട്ടികളേയും നോക്കിക്കൊണ്ട് ഹുദൂറിന്റെ വാക്ക് സശ്രദ്ധം ശ്രവിക്കാൻ ആംഗ്യം കാണിച്ചു.

❋ ജമാഅത്തിനെ കുറിച്ച് അറിയാത്ത 50 വയസ്സുള്ള ജർമൻകാരനായ ഒരു ക്രിസ്ത്യൻ സ്നേഹിതൻ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. പ്രഭാഷണം ശ്രവിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു: ഞാൻ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം അനുഭവിച്ചു. സ്നേഹത്തിന്റെ ആശയമാണ് ഖലീഫ തന്റെ പ്രഭാഷണത്തിൽ സമർപ്പിച്ചത്. ഇതിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ഞാനെന്റെ മതമെന്ന് മനസ്സിലാക്കിയ ഗുണങ്ങളെ കർമരൂപേണ കാണാൻ സാധിക്കുന്ന ഒരു വ്യക്തിയുടെ അന്വേഷണത്തിലായിരുന്നു ഞാൻ. അങ്ങനെ ഇന്ന് ഞാൻ ആ വ്യക്തിയെ കണ്ടെത്തിയിരിക്കുന്നു. ആ വ്യക്തി നിങ്ങളുടെ ഖലീഫയാണ്. സകലമനുഷ്യകുലത്തേയും ശാന്തിയുടേയും സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും പതാകക്ക് കീഴിൽ ഐക്യപ്പെടുത്തുന്ന വ്യക്തിയാണ് നിങ്ങളുടെ ഖലീഫ.

അദ്ദേഹം പ്രൈവറ്റ് സെക്രട്ടറിയുടെ വിലാസം വാങ്ങിയിട്ട് പറഞ്ഞു: ഞാൻ ഹുദൂറിന് കത്തെഴുതാൻ ആഗ്രഹിക്കുന്നു. ഞാനെന്റെ കൈകൾ കൊണ്ട് കത്തെഴുതി കവറിലിട്ട് ഹുദൂറിന്ന് അയക്കാൻ ആഗ്രഹിക്കുന്നു.

❋ കാമറൂണിൽനിന്ന് ഒരു ആഫ്രിക്കൻ കുടുംബം വന്നിരുന്നു. അവർ പറയുന്നു: നിങ്ങളുടെ അതിഥികളോടുള്ള പെരുമാറ്റം കാമറൂണിലുള്ള മുസ്ലിമീങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. യഥാർഥ ആതിഥേയത്വം നിങ്ങളാണ് ചെയ്യുന്നത്.

❋ ഒരു പ്രാദേശിക രാഷ്ട്രീയ പ്രവർത്തകൻ പറയുന്നു: ഖലീഫ വീണ്ടും വീണ്ടും നമ്മുടെ ജില്ലയിൽ വരുന്നത് നമുക്കെല്ലാവർക്കും അനുഗ്രഹമാണ്. മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ ഹുദൂറിന് സ്വാഗതമോതുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്.

(ഈ ജില്ലയിൽ മുമ്പേ ഫരീദ് ബർഗിലും നിഡ്ഡായിലും മസ്ജിദിന്റെ തറക്കല്ലിടലും ഉദ്ഘാടനവും കഴിഞ്ഞിട്ടുണ്ട്.)

❋ ഒരു ഇറാൻകാരനായ അതിഥി പറയുന്നു: ഹുദൂർ വളരെ വിശാലഹൃദയനും പിന്നിൽനിന്ന് പ്രവർത്തിക്കുന്ന വ്യക്തിത്വവുമാണ്. അദ്ദേഹം സവിശേഷ വ്യക്തിത്വമാണെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. ഈ കൂടിക്കാഴ്ചക്കുവേണ്ടി അദ്ദേഹം സ്റ്റേജിന്റെ മുമ്പിലും വന്നിരുന്നു. കുറച്ചു കാര്യങ്ങൾ പറയണമെന്നുണ്ടായിരുന്നുവെന്നും എന്നാൽ അതിന് കഴിഞ്ഞില്ലെന്നും അദ്ദേഹം പറഞ്ഞു. എന്നിട്ട് ഹുദൂറിനെ സംബന്ധിച്ച് പാഴ്സി ഭാഷയിൽ അദ്ദേഹം പറഞ്ഞു: 'സുന്ദര രൂപം, പ്രകാശിത രൂപം.'

❋ ഒരു സ്ത്രീ പറയുന്നു: നിങ്ങൾ തികച്ചും ശുദ്ധപ്രകൃതരും തുറന്ന മനസ്ഥിതിക്കാരും സൗഹൃദം നിലനിറുത്തുന്നവരുമാണ്. നിങ്ങളുടെ ജമാഅത്തിലുള്ള ഇക്കാര്യം എനിക്ക് വളരെ നല്ലതായി തോന്നി. ഖലീഫ വളരെ സരളപ്രകൃതിക്കാരനാണെന്ന് കാണാൻ കഴിയുന്നു.

❋ ഫ്ളോർഷെഡ് പട്ടണവാസിയായ ഒരു ഡോക്ടർ പത്രത്തിൽ മസ്ജിദിന്റെ തറക്കല്ലിടൽ പ്രോഗ്രാം വായിച്ചിരുന്നു. അവർ ഭാര്യയും ഭർത്താവും ഈ പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നുവെന്നും തങ്ങളുടെ പട്ടണത്തിൽ മസ്ജിദ് നിർമിതമാകുന്നതിൽ വളരെ സന്തുഷ്ടരാണെന്നുമുള്ള സന്ദേശം അയച്ചു. തുടർന്ന് അവർ രണ്ടു പേരും ഈ പരിപാടിയിൽ പങ്കെടുത്തു. പ്രോഗ്രാമിന്നു ശേഷം അവർ തങ്ങളുടെ വികാരം ഈ വാക്കുകളിൽ പങ്കുവെച്ചു: ഖലീഫത്തുൽ മസീഹിനെ പോലെയുള്ള പ്രകാശമയമായ വ്യക്തിയെ മുമ്പേയൊരിക്കലും ഞാൻ കണ്ടിട്ടില്ല. വളരെ സാധാരണക്കാരനും പൊതുജനങ്ങളോടൊപ്പം ഇടപഴകുന്ന ആളുമാണ്. മറുഭാഗത്ത് ഇക്കാലഘട്ടത്തിൽ വലിയ വലിയ മതപരമായ വ്യക്തിത്വങ്ങൾ ഒരു പാവപ്പെട്ട വ്യക്തിയേയും അടുത്തുപോലും വരാൻ വിടാറില്ല.

പട്ടണത്തിന്റെ മേയർ ഹെർബെർട്ട് ഉൻഗർ (Herbert Unger) പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ വ്യക്തിത്വം എന്നിൽ വളരെ സ്വാധീനം ചെലുത്തി. ഖലീഫ എന്നോട് തുറന്ന് സംസാരിച്ചു. നിശ്ചയമായും ഖലീഫത്തുൽ മസീഹ് വളരെ മൂല്യവത്തായ വ്യക്തിയും പൂർണ്ണ ആകർഷണമുള്ള വ്യക്തിത്വത്തിന്റെ ഉടമയുമാണ്. ഞങ്ങളുടെ ചർച്ചിന്റെ മേലധികാരികൾ ഇങ്ങനെ സാധാരണക്കാരോട് തുറന്ന് ഇടപഴകുന്നത് ചിന്തിക്കാൻപോലും സാധിക്കില്ല. ഖലീഫത്തുൽ മസീഹ് സമയത്തിന് കൃത്യത കാണിക്കുന്ന വ്യക്തിയാണ്. ഇത് ഞങ്ങളെ വിസ്മയിപ്പിച്ച കാര്യമാണ്. ഇത്രയും വലിയ വ്യക്തിത്വം സമയത്തിനു മുമ്പേതന്നെ പ്രോഗ്രാമിലെത്തും വിധം കൃത്യനിഷ്ഠ പുലർത്തുന്നു.

❋ പീറ്റർ എയ്ക്മാൻ (Peter Eickmann) എന്ന ഒരതിഥി പറയുന്നു: ഞങ്ങളെ സ്വീകരിച്ച നിങ്ങൾ ഇതുകൊണ്ടുതന്നെ ഞങ്ങളുടെ ഹൃദയം തുറന്നിരിക്കുന്നു. ഈ മസ്ജിദ് ഉദ്ഘാടനത്തിന്റെ ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞങ്ങളും സന്തോഷത്തിലാണ്. നിങ്ങളുടെ ഈ മസ്ജിദ് നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി എന്നേക്കുമായി ഇതൊരു സമാധാന ഗേഹമായി തീരുമെന്ന് ഞാൻ ഞാൻ പ്രത്യാശിക്കുന്നു. വർഗ്ഗീയത പരിപോഷിപ്പിക്കുന്നവരിൽനിന്ന് സുരക്ഷിതരായിരിക്കുമെന്ന് കരുതുന്നു. ഉന്നതനായ ദൈവം നിങ്ങൾക്ക് ധൈര്യവും ശക്തിയും നല്കുമാറാകട്ടെ.

❋ ഇന്നുണ്ടായ അനുഭവത്തെ കുറിച്ച് ചോദിച്ചപ്പോൾ ഒരു ജർമൻ സ്നേഹിതൻ പറഞ്ഞു: ഉന്നതനായ ദൈവത്തിൽനിന്നു വന്ന വ്യക്തിയെ സംബന്ധിച്ച് ഞാനെന്ത് വിശകലനം ചെയ്യാനാണ്. ഖലീഫത്തുൽ മസീഹ് ദൈവത്തിന്റെ വ്യക്തിയാണ്. അദ്ദേഹത്തിന്റെ മുഖം വളരെയധികം പ്രകാശിതവും പ്രകാശഭരിതവുമാണ്.

❋ ഫ്ളോർസ്റ്റഡിലെ മസ്ജിദ് മുബാറക്കിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് മൂന്ന് പത്രങ്ങളിൽ വാർത്തകൾ വന്നു. ഈ പത്രങ്ങളുടെ മൊത്തം വായനക്കാർ ഒരു ലക്ഷത്തി എഴുപതിനായിരത്തിലും അധികമാണ്. ഈ ചടങ്ങുമായി ബന്ധപ്പെട്ട് ജർമനിയിലെ ഏറ്റവും വലിയ ദിനപത്രമായ ബില്ഡിന്റെ രണ്ടു എഡിഷനുകളിൽ വാർത്ത പ്രസിദ്ധീകരിച്ചു.

❋ മറ്റൊരു ദിനപത്രമായ ക്രെയിസ് അൻസെയിഗർ (Kreis Anzeiger) മസ്ജിദ് മുബാറക്കിന്റെ ശിലാകർമ പരിപാടിയുടെ വാർത്ത രണ്ടു ദിവസം മുമ്പേ നല്കി

അഹ്മദിയ്യാ ജമാഅത്ത് നൂറു വർഷമായി സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും അധ്യാപനം നല്കി വരുന്നതായി ഖലീഫ ഊന്നിപ്പറഞ്ഞു. ജമാഅത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് നല്ലപോലെ അറിയുന്നതുകൊണ്ടാണ് ഇവിടെ മസ്ജിദ് നിർമിക്കാനുള്ള അനുമതി ഭരണകൂടം നല്കിയത്. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങൾ പ്രോപ്പഗണ്ടയല്ല. സത്യസന്ധതയും അയൽവാസികളോടുള്ള ബന്ധങ്ങളും ഈ ജമാഅത്തിന്റെ അധ്യാപനങ്ങളുടെ ഭാഗമാണ്. അഹ്മദികൾ അവരുടെ അവകാശങ്ങൾ തീവ്രമായി ആവശ്യപ്പെടാറില്ല. മറിച്ച് ദൈവത്തിന്റെ കല്പനകളെ കൂടാതെ മറ്റുള്ളവരുടെ അവകാശങ്ങളെ കുറിച്ചുള്ള ചിന്തയും വെച്ചു പോരുന്നു.

ഇവിടുത്തെ ലോക്കൽ റേഡിയോയായ HR4 ഉം ശിലാകർമ പരിപാടിയുടെ വാർത്ത പ്രക്ഷേപണം ചെയ്തു. 4 ലക്ഷത്തി 90ആയിരത്തിലധികം വ്യക്തികളിലേക്ക് മൊത്തത്തിൽ മസ്ജിദ് ഉദ്ഘാടന വാർത്ത എത്തി. ഇതു കൂടാതെ ടി.വി റേഡിയോ ചാനൽ മുഖേന മില്യൺകണക്കിന് ആളുകൾ ഈ വാർത്ത കാണുകയും കേൾക്കുകയും ചെയ്തു.

## 2015 ഒക്ടോബര് 19 തിങ്കളാഴ്ച.

6.20–ന് ബയ്ത്തുസ്സുബൂഹ് മസ്ജിദിൽ ഹുദൂറിന്റെ ഇമാമത്തിൽ സ്വുബ്ഹി നമസ്കാരം നടന്നു.

### ജർമനിയിൽ നിന്ന് ലണ്ടനിലേക്ക്.

ഫ്രാങ്ക്ഫർട്ടിൽനിന്ന് ലണ്ടനിലേക്ക് ഹുദൂർ മടങ്ങുന്ന ദിവസമായിരുന്നു ഇന്ന്. ഫ്രാങ്ക്ഫർട്ട് പ്രദേശത്തുനിന്നും ഇതര സ്ഥലങ്ങളിൽനിന്നുമുള്ള ആബാല വൃന്ദം അഹ്മദികളും തങ്ങളുടെ പ്രിയ ഇമാമിനെ യാത്രയയക്കാൻ രാവിലെ മുതൽതന്നെ മസ്ജിദ് പരിസരത്ത് ഒരുമിച്ചു കൂടിയിരുന്നു. രാവിലെ 10.30–ന് താമസ സ്ഥലത്തുനിന്നു പുറത്തേക്കു വന്ന ഹുദൂർ എല്ലാ സഹോദരന്മാരുടേയും സമീപത്തു കൂടി കൈകൾ വീശിക്കൊണ്ടു കടന്നുപോയി. എല്ലാവർക്കും സലാം പറഞ്ഞു. തുടർന്ന് ദുആയ്ക്ക് നേതൃത്വം നല്കി. പിന്നീട് ഹുദൂറും സംഘവും പുറപ്പെട്ടു. ഇരുഭാഗത്തും നിന്ന അഹ്മദീ പുരുഷന്മാരും സ്ത്രീകളും കുട്ടികളും കൈവീശി ഹുദൂറിന്ന് യാത്രയയപ്പ് നല്കി. അധിക പേരുടേയും കണ്ണുകൾ നിറഞ്ഞിരുന്നു. ഫ്രാങ്ക്ഫർട്ടിൽനിന്ന് കലായിസ്(Calais) എന്ന ഫ്രാൻസിലെ തുറമുഖത്തേക്ക് 600 കിലോമീറ്റർ യാത്ര ചെയ്യേണ്ടിയിരുന്ന ഹുദൂറും സംഘവും വഴിയിൽ ബെൽജിയം രാഷ്ട്രത്തിലൂടെയും കടന്നുപോയി. 280 കിലോ മീറ്റർ യാത്രയ്ക്കു ശേഷം ബെൽജിയത്തിൽ പ്രവേശിച്ചു. തുടർന്ന് 160 കിലോമീറ്റർ സഞ്ചരിച്ച് 3.00 മണിയോടെ പോസോ (Pauzo) റെസ്റ്റോറന്റിൽ ഉച്ചഭക്ഷണത്തിനും നമസ്കാരത്തിനുമായി കുറച്ചു സമയം തങ്ങി. ഭക്ഷണത്തിന്റേയും നമസ്കാരത്തിന്റേയും തയ്യാറെടുപ്പിന്നുവേണ്ടി ഖുദ്ദാമിന്റെ ഒരു സംഘം ജർമനിയിൽനിന്ന് ഇവിടെ എത്തിയിരുന്നു. 3.15–ന് റെസ്റ്റോറന്റിൽ പ്രത്യേകം തയ്യാറാക്കിയ ഭാഗത്ത് ളുഹ്ർ–അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. ശേഷം ഹുദൂറിനോടൊപ്പം സംഘാംഗങ്ങൾ ഉച്ച ഭക്ഷണം കഴിച്ചു.

(തുടരും)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 19 November 2020 Issue-47

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# ബൈബിളിലെ നിഷ്ഠൂര പാഠങ്ങൾ

(എം.എ)

**ക്രൂരവും നിർദ്ദാക്ഷിണ്യവുമായ ചില കല്പനകൾ ബൈബിൾ നല്കുന്നതായി കാണാം. കാരുണ്യവാനും കരുണാനിധിയുമായ ഒരു ദൈവത്തിന്റെ പാഠമാണെന്ന് ഒരിക്കലും പറയാൻ നിവൃത്തിയില്ലാത്ത തരത്തിലുള്ളതാണിവ.**

### അടിമയെ കൊന്നാൽ ചോദ്യമില്ല.

പുറപ്പാട് 21:20–21 ൽ നാം ഇക്രാരം വായിക്കുന്നു: 'ഒരുത്തൻ തന്റെ ദാസനേയോ ദാസിയേയോ തൽക്ഷണം മരിച്ചു പോകത്തക്കവണ്ണം വടികൊണ്ടടിച്ചാൽ അവനെ നിശ്ചയമായി ശിക്ഷിക്കണം. എങ്കിലും അവൻ ഒന്നു രണ്ടുദിവസം ജീവിച്ചിരുന്നാൽ അവനെ ശിക്ഷിക്കരുത്. അവൻ അവന്റെ മുതലല്ലോ.'

അടിമകളെ സംബന്ധിച്ച ഈ പാഠം ഏത്ര ക്രൂരം! ക്രൂരനായ ഒരു യജമാനൻ തന്റെ അടിമയെക്കൊണ്ടോ അടിമസ്ത്രീയെക്കൊണ്ടോ ആ അടിമയോ അടിമസ്ത്രീയോ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ മരിച്ചുപോകുമാറ് വേല ചെയ്യിക്കുന്നുവെന്നാലും നിർദ്ദാക്ഷിണ്യനായ ആ മനുഷ്യന് ബൈബിൾ ഒരു ശിക്ഷയും വിധിക്കുന്നില്ല. എന്തെന്നാൽ, അടിമയോ അടിമസ്ത്രീയോ യജമാനന്റെ സ്വത്താണത്രെ! ഇത്തരം അധ്യാപനം എക്കാലത്തേക്കുമുള്ളതായിരിക്കാൻ നിവൃത്തിയുണ്ടോ? അടിമവ്യവസ്ഥയെത്തന്നെ അവസാനിപ്പിക്കുകയും അങ്ങനെ അടിമകളോടു ക്രൂരത പ്രവർത്തിക്കുന്നതിൽനിന്ന് അവരുടെ യജമാനന്മാരെ തടയുകയും ചെയ്യുന്ന അധ്യാപനം മുഖേന അത് ദുർബലപ്പെടുത്തേണ്ടതല്ലയോ? ഈ മഹത്തായ പാഠം ഇസ്‌ലാം തന്നെയാണ് നൽകുന്നതെന്നതിൽ സന്ദേഹമില്ല. ഇസ്‌ലാം അടിമവ്യവസ്ഥയെ അവസാനിപ്പിക്കുന്നതിനുള്ള നിയമങ്ങൾ നടപ്പാക്കിയിരിക്കുന്നു. എന്നു മാത്രമല്ല, സ്വാതന്ത്ര്യം സമ്പാദിക്കാൻ സാധിച്ചിട്ടില്ലാത്ത അടിമകളോടും അടിമപ്പെണ്ണുങ്ങളോടും കരുണയില്ലാതെ പെരുമാറരുതെന്ന് നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ഒരിക്കൽ അബൂമസ്ഊദ് അൻസ്വാരി(റ) തന്റെ അടിമയെ മർദിക്കുകയായിരുന്നു. പിൻഭാഗത്തുനിന്ന് ആരോ ഇപ്രകാരം പറയുന്നതായി അദ്ദേഹം കേട്ടു: 'അബൂ മസ്ഊദ്! നിങ്ങളുടെമേൽ ദൈവത്തിനുള്ള അധികാരം ഈ അടിമയുടെമേൽ നിങ്ങൾക്കുള്ളതിനെക്കാളും വലുതാണ്.' അബൂമസ്ഊദ് തിരിഞ്ഞുനോക്കിയപ്പോൾ നബി(സ) തിരുമേനി അടുത്തേക്ക് വരുന്നതായിട്ടാണ് കണ്ടത്. അദ്ദേഹത്തിന്റെ കൈയിൽനിന്ന് ചമ്മട്ടി താഴെ വീണു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ദൈവനാമത്തിൽ ഞാനിതാ ഈ അടിമയെ സ്വതന്ത്രനാക്കുന്നു. നബി(സ) തിരുമേനി മറുപടി നല്കി: 'നിങ്ങളിങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ നരകാഗ്നി നിങ്ങളുടെ മുഖത്തെ ചുട്ടുകളയുമായിരുന്നു.' (മുസ്‌ലിം, കിതാബുൽ ഈമാൻ)

ഇപ്രകാരംതന്നെ മറ്റൊരു നബിശിഷ്യൻ പറഞ്ഞു: 'ഞങ്ങൾ ഏഴു സഹോദരന്മാരായിരുന്നു. ഞങ്ങൾക്ക് ഒരു അടിമസ്ത്രീയുണ്ടായിരുന്നു. ഞങ്ങളിൽ ഏറ്റവും ഇളയവൻ അവളുടെ മുഖത്തടിച്ചു. ഇതറിഞ്ഞപ്പോൾ ആ സ്ത്രീയെ ഉടൻ മോചിതയാക്കണമെന്ന് നബി(സ)തിരുമേനി കല്പിച്ചു. തന്റെ അടിമയെ പ്രഹരിക്കുന്ന ഒരു യജമാനൻ അടിമയെ വെച്ചിരിക്കാൻ കൊള്ളുന്നുവനല്ല എന്ന് നബി(സ)തിരുമേനി പറഞ്ഞു.' (ബുഖാരി, കിതാബുൽ ഇത്ഖ്)

നബി(സ)തിരുമേനി ഇക്കാര്യത്തിൽ ഒരു മഹത്തായ മാതൃക നല്കിയിട്ടുണ്ട്. ഒന്നാമത്തെ വിവാഹത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഖദീജ(റ) അടിമകളടക്കം തന്റെ എല്ലാ സ്വത്തുക്കളും നബി(സ)തിരുമേനിക്ക് നല്കിയിട്ടുണ്ടായിരുന്നു. ഒരു മനുഷ്യനേയും തന്റെ അടിമയാക്കി വെക്കാൻ തനിക്ക് സാധ്യമല്ലെന്ന് പറഞ്ഞുകൊണ്ട് ഭാര്യയിൽനിന്ന് തനിക്ക് സമ്മാനമായി ലഭിച്ച എല്ലാ അടിമകളേയും അദ്ദേഹം സ്വതന്ത്രരാക്കി. ജീവാതാന്ത്യം വരേയും ആ മഹാത്മാവ് ഒരൊറ്റ അടിമയെപോലും വെക്കുകയുണ്ടായില്ല.

### കുറത്തിയെ എറിഞ്ഞുകൊല്ലണം

ലേവ്യ പുസ്തകം 20:27 ൽ നാം വായിക്കുന്നു: 'വെളിച്ചപ്പാടോ മന്ത്രവാദമോ ഉള്ള പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണശിക്ഷ അനുഭവിക്കേണം; അവരെ കല്ലെറിഞ്ഞുകൊല്ലേണം. അവരുടെ രക്തം അവരുടെമേൽ ഇരിക്കും'

പുറപ്പാട് 22:18–20 ലും ഇപ്രകാരം പറയുന്നു: 'ക്ഷുദ്രക്കാരത്തിയെ നീ ജീവനോടെ വെക്കരുത്. മൃഗത്തോടുകൂടെ ശയിക്കുന്ന ഏവനും മരണശിക്ഷ അനുഭവിക്കേണം. യഹോവയ്ക്കുമാത്രമല്ലാതെ വേറെ ദൈവങ്ങൾക്കു യാഗം കഴിക്കുന്നവനെ നിർമൂലമാക്കേണം.'

എത്രമാത്രം ബുദ്ധിശൂന്യമാണ് ഈ നിർദേശം എന്നു നോക്കുക. ക്ഷുദ്രപ്രവൃത്തി എന്ന് ഇവിടെ പറഞ്ഞത് തമാശകൾ കാണിച്ച് ജീവിക നേടുന്ന ഒരു കൂട്ടം ആളുകൾ നടത്തുന്ന ജാലവിദ്യയാണെങ്കിൽ എത്ര അനീതിപരമായ പാഠമാണിത്! തികച്ചും നിരുപദ്രവമായ ഒരു കാര്യം മാത്രമാണല്ലോ ഇത്തരം തമാശകൾ. കൃത്യന്തരബഹുലവും ഉൽക്കണ്ഠ നിറഞ്ഞതുമായ സാധാരണക്കാരുടെ ജീവിതത്തിൽത്തന്നെ ഇത്തരം കളി തമാശകൾ അല്പം മാനസികോല്ലാസത്തിനുപോലും വക നല്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽതന്നെയാണ് ഈ മാജിക്കുകാർ ജാലവിദ്യയുമായി വരുന്നതും. ഇത്തരക്കാർക്ക് കൊലശിക്ഷ വിധിക്കുന്നത് എന്തായാലും അനീതിയാണ്. ഇനി ഈ ജാലവിദ്യക്കാരും ലക്ഷണം പറയുന്നവരും വെളിച്ചപ്പാടന്മാരെ വരുത്തുകയും ഒരു മനുഷ്യനെ കാളയായും ഒരു സ്ത്രീയെ പക്ഷിയായും മാറ്റിക്കളയുകയും ചെയ്യുന്നുവെന്നാണെങ്കിൽ ബൈബിളിന്റെ ഈ പാഠം വിഡ്ഢിത്തപരവും അതേ അവസരത്തിൽ ക്രൂരവുമാണ്. അത്തരം വെളിച്ചപ്പാടന്മാർ ഒരിക്കലും ഉണ്ടായിട്ടില്ല. ഇത്തരത്തിലുള്ള അസാധ്യകാര്യങ്ങൾ ആരെങ്കിലും ചെയ്തതായി ആരോപിച്ച് അയാളെ കൊല്ലാൻ വിധിക്കുക എന്നത് അങ്ങേയറ്റത്തെ കാട്ടാളത്തമാണ്.

### തോറ്റവന്റെ തലകൊയ്യണം

ആവർത്തന പുസ്തകം 7:2 ൽ ഇപ്രകാരം കാണുന്നു. 'നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കൈയിൽ ഏല്പിക്കുകയും നീ അവരെ തോൽപിക്കുകയും ചെയ്യുമ്പോൾ അവരെ നിർമൂലമാക്കിക്കളയേണം;അവരോടു ഉടമ്പടി ചെയ്യുകയോ കൃപകാണിക്കുകയോ അരുത്.'

ഒരു പരാജിതനായ ശത്രുവിനെ സംബന്ധിച്ചുള്ള ഈ കല്പന എത്ര നിഷ്ഠൂരം. പരാജിതരായ ശത്രുക്കളെ ആകമാനം നിഗ്രഹിക്കാനും അവരുമായി ഒരു സന്ധിയിലും ഏർപെടാതിരിക്കാനും അവരുടെ നേരെ ഒരു കാരുണ്യവും കാട്ടാതിരിക്കാനും ഭൂമിയിലെ അതിനിഷ്ഠൂരനായ ഒരു രാജാവിനുമാത്രമെ സാധിച്ചെന്നു വരികയുള്ളു. കാരുണ്യവാനും കരണാനിധിയുമായ ദൈവം ഒരിക്കലുംതന്നെ ഇപ്രകാരം കല്പിക്കുകയില്ല.(സത്യദൂതൻ 1963 ജൂൺ ലക്കം)

## ജൽസാസാലാന ഖാദിയാൻ റദ്ദാക്കിയിരിക്കുന്നു

2020 ഡിസംബർ 25 മുതൽ 27വരെ നടത്താനിരുന്ന ഭാരതത്തിലെ, ഖാദിയാൻ ജൽസാസാലാന കൊറോണവൈറസിന്റെ ഇപ്പോഴത്തെ അവസ്ഥയും യാത്രാബുദ്ധിമുട്ടും മറ്റു നിയന്ത്രണങ്ങളും പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലായുടെ നിർദേശത്താൽ റദ്ദാക്കിയതായി എല്ലാ ഔദ്യോഗിക ഭാരവാഹികളേയും ജമാഅത്തംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു. **(നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ ഖാദിയാൻ)**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: 'നബി(സ)തിരുമേനി ളുഹാ നമസ്കാരം നാലു റക്അത്താണ് നമസ്കരിച്ചിരുന്നത്. അല്ലാഹു ഉദ്ദേശിച്ചത്ര അവിടന്ന് വർധിപ്പിക്കുകയും ചെയ്തിരുന്നു.' (മുസ്‌ലിം, ഹദീഥ് 365)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)പറഞ്ഞു:'എന്റെ ആത്മമിത്രം എന്നോടു മൂന്നുകാര്യങ്ങൾ ഉപദേശിച്ചു. എല്ലാ മാസത്തിലും മൂന്നുദിവസം നോമ്പനുഷ്ഠിക്കുക. രണ്ടു റക്അത്ത് ളുഹാ നമസ്കരിക്കുക. ഉറങ്ങും മുമ്പേ വിത്ർ നമസ്കരിക്കുക.'(മുസ്‌ലിം, ഹദീഥ് 367)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family,**
**Ahmadiyya Jama-ath Payangadi, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin